fullfilling the great commission...

The Soul Winner

For private circulation only

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

November 2013 • Volume 1 • Issue 4

വാർത്താപത്രിക



# പ്രൊട്ടസ്റ്റന്റ് പോപ്പ്

## ഡോക്ടർ ബില്ലിഗ്രഹാം

**പീരുമേട് ക്ലീറ്റസ്**

ലോക സുവിശേഷീകരണ ചരിത്രത്തിൽ ക്രിസ്തു ശിഷ്യന്മാരുൾപ്പെടെ പുകൾപെറ്റ അപ്പൊസ്തലന്മാർ ഒട്ടനവധി പേർ നമുക്കുണ്ട്. ആ ഗണത്തിൽ ഉൾപ്പെടുന്ന ഒരു മഹത്വ്യക്തിത്വമാണ് ഡോ. ബില്ലി ഗ്രഹാം. 95–ാം വയസിൽ പ്രവേശിക്കുന്ന അദ്ദേഹത്തെ അനുസ്മരിക്കുന്നത് എന്തുകൊണ്ടും നമുക്ക് അഭികാമ്യവുമാണ്.

1918ൽ നോർത്ത് കാലിഫോർണിയയിൽ വില്യംസ്, മോറോ ഗ്രഹാം ദമ്പതികളുടെ നാലുമക്കളിൽ മൂത്തമകനായി ജനിച്ചു. ഒരു യഥാസ്ഥിതിക കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടതിനാൽ വളരെ അച്ചടക്കത്തോടും ചിട്ടയോടുമാണ് ജീവിച്ചത്. 16–ാം വയസിൽ സുവിശേഷകൻ മോർദ്ദേഖായി, ഹാം നയിച്ച വേദപഠന ക്ലാസിൽ പങ്കെടുക്കവെ പാപത്തെക്കുറിച്ചുള്ള ബോധ്യം വന്നിട്ട് മാനസാന്തരപ്പെട്ടു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ടെന്നീസിൽ കൺസർവേറ്റീവ് ക്രിസ്ത്യൻ സ്കൂളിലും ബോൺ ജോൺസ് കോളജിലും ചേർന്നു പഠിച്ചു. അവിടെ ഉപദേശ വിരുദ്ധമായ വിഷയങ്ങൾ പഠിപ്പിക്കുന്നു എന്ന് മനസിലായതിനെത്തുടർന്ന് ഫ്ളോറിഡ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അതോടൊപ്പം സംദൺ ബാപ്റ്റിസ്റ്റ് കൺവൻഷൻ ചർച്ചിൽ പാസ്റ്ററായി ചേരുകയും 1934 ൽ ഓർഡിനേഷൻ ലഭിക്കുകയും ചെയ്തു. ബാച്ച്ലർ ഇൻ തിയോളജിയിൽ ബിരുദം നേടിയ ഗ്രഹാം ഉപരിപഠനത്തിനായി വീറ്റൺ കോളേജിൽ എൻട്രോൾ ചെയ്തു. അതിനിടെ പ്രതിശ്രുത വധു രൂത്ത് മെഖുവിലിനെ പരിചയപ്പെട്ടു. ചൈനയിൽ മിഷണറിമാരായിരുന്ന മാതാപിതാക്കൾക്കൊപ്പം പതിനേഴ് വയസ് പൂർത്തിയാകുന്നതുവരെ അവർ അവിടെ താമസിച്ചു. ബാച്ച്ലേഴ്സ് ഇൻ ആന്ത്രാപോളജിയിൽ ബിരുദവും നേടിയതിനുശേഷം 1943 ആഗസ്റ്റ് 13–ാം തീയതി ഗ്രഹാമും രൂത്തും തമ്മിൽ വിവാഹിതരാകുകുയം ദൈവം അവർക്ക് അഞ്ച് മക്കളെ ദാനമായി നൽകുകയും ചെയ്തു.

വെസ്റ്റേൺ സ്പ്രിങ്സിലെ ആദ്യ ബാപ്റ്റിസ്റ്റ് ചർച്ചിലെ പാസ്റ്ററായും സേവനമനുഷ്ഠിച്ചു. 1947 ൽ നോർത്ത് വെസ്റ്റേൺ സ്കൂളിന്റെ പ്രസിഡന്റായി. 1948 മുതൽ 52 വരെയും നോർത്ത് വെസ്റ്റേൺ സ്കൂളിന്റെ ചുമതലകൾ വഹിച്ചു. 1949 ൽ ക്രൈസ്റ്റ് ഫോർ ഗ്രയ്റ്റർ ലോസ് എയ്ഞ്ചൽസ് എന്ന ഒരു സംഘടന കരിസ്മാറ്റിക് ആന്റ് ഹാർട്ട് ഫെൽറ്റ് ഗോസ്പൽ സെർമൺ

3

### ബില്ലി ഗ്രഹാമിന് 95 വയസ്

**1918 ൽ നവംബർ 7–ാം തീയതിയായിരുന്നു തന്റെ ജനനം. 1949 ൽ ഒരു റേഡിയോ ചാനലിൽ ചെയ്ത സുവിശേഷ പ്രഭാഷണം തനിക്ക് പ്രശസ്തി നൽകുകയും അതെ തുടർന്ന് ആഗോള വ്യാപകമായി ലഭ്യമായ എല്ലാ മാധ്യമങ്ങളിലൂടെയും സുവിശേഷം പ്രസംഗിച്ചു തുടങ്ങി. ലോകത്തിൽ ഏറ്റവും അധികം വ്യക്തികളോട് സുവിശേഷം പ്രസംഗിച്ചിട്ടുള്ള ബില്ലി ഗ്രഹാം ഇപ്പോൾ വാർദ്ധക്യവും അനാരോഗ്യവും നിമിത്തം 2005 മുതൽ ഭവനത്തിൽ വിശ്രമിക്കുകയും ചെയ്യുന്നു.**

## യിസ്രയേൽ അറബിന്റെ ശത്രുവല്ല



അനുദിനം സങ്കീർണ്ണമായി കൊണ്ടിരിക്കുന്ന പലസ്തീൻ, യിസ്രായേൽ ബന്ധത്തെക്കുറിച്ചുള്ള വാർത്ത കൾക്കിടയിൽ യിസ്രായേലല്ല തങ്ങളുടെ യഥാർത്ഥ ശത്രു എന്ന അറബ് രാജ്യങ്ങളുടെ സംയുക്ത പ്രസ്താവന ലോക സമാധാനം ആഗ്രഹിക്കുന്ന ഏതൊരുവനും വളരെ പ്രതീക്ഷ നൽകുന്നതാണ്. യിസ്രായേലിന്റെ ആരംഭത്തിൽ തന്നെ യിസ്രാ യേൽ അറബ് രാജ്യങ്ങളുടെ ശത്രുവല്ല എന്ന ധാരണയു ണ്ടായിരുന്നതായ് *നീസെറ്റ് വിന്റർ സെക്ഷൻ* ഉദ്ഘാടനം ചെയ്യവേ യിസ്രായേൽ പ്രസിഡന്റ് ബഞ്ചമിൻ നെതന്യാഹു കഴിഞ്ഞ ആഴ്ച അഭിപ്രായപ്പെട്ടിരുന്നു.

ഈജിപ്തിലും സിറിയയിലും തിരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാരുകളെ അട്ടിമറിയ്ക്കാൻ ശ്രമിക്കുന്ന അതേ മതതീവ്രവാദ ശക്തികളാണ് യിസ്രായേലിനെതിരെയും നിരന്നിരിക്കുന്നത് എന്നും നെതന്യാഹു കൂട്ടിച്ചേർത്തു. ഒട്ടനവധി രാജ്യങ്ങൾ ഇറാന്റെയും മുസ്ലീം ബ്രദർഹൂട്ടിന്റെയും അൽഖയ്ദായുടെയും സ്വാധീനത്തിൽ നിന്നും പുറത്ത് കടക്കാൻ ശ്രമിക്കുന്നത് ഒരു ചരിത്രപരമായ മാറ്റമാണെന്നും കൂട്ടിച്ചേർത്തു.

## വാഹനാപകടത്തിൽ മരിച്ചു



പാസ്റ്റർ അനി ജോയി



ബ്രദർ ഷിബു ശാമുവേൽ

പുനലൂർ: മസ്കറ്റിൽ വച്ച് ഉണ്ടായ വാഹനാപകടത്തിൽ പാസ്റ്റർ അനി ജോയി (37) ബ്രദർ ഷിബു ശാമുവേൽ (36) എന്നിവർ നിര്യാതരായി. പാസ്റ്റർ അനി ജോയി കുളത്തുപ്പുഴ നെല്ലിമൂട് ഐപിസി സഭാംഗവും പുനലൂർ കുറ്റിക്കോണം ഐ.പി.സി സഭയിലെ ശുശ്രൂഷകനുമാണ്. ബ്രദർ ഷിബു ശാമുവേൽ കടമ്പനാട് ഐപിസി സഭയിലെ മെമ്പർ ആണ്. സോരിൽ നിന്നും മസ്കറ്റിലേക്ക് വരുമ്പോൾ എതിരെ വന്ന ടിപ്പറുമായി ഇവർ സഞ്ചരിച്ച ടാക്സി കൂട്ടിയിടിച്ചു തൽസ്ഥലത്തു വന്നു തന്നെ ഇരുവരുടെയും മരണം സംഭവിക്കുകയായിരുന്നു. നാട്ടിലെത്തിച്ചതിനു ശേഷം ഇരുവരുടെയും ശവസംസ്കാരം നടത്തി.

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 27 മുതൽ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ നവംബർ 27 ബുധൻ മുതൽ ഡിസംബർ 1 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ വച്ചു നടക്കും. സഭാ പ്രസിഡന്റ് ഡോ. റ്റി.ജി. കോശി ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ സുപ്രസിദ്ധ സുവിശേഷ പ്രസംഗകർ വചന ശുശ്രൂഷ നിർവഹിക്കും. പാസ്റ്റേഴ്സ് കോൺഫറൻസ്, മിഷൻ സമ്മേളനം, കാത്തിരിപ്പു യോഗങ്ങൾ, സഹോദരി സമ്മേളനം, സി.ഇ.എം. സൺഡേ സ്കൂൾ സമ്മേളനം തുടങ്ങിയവ കൺവൻഷനോടനുബന്ധിച്ച് നടക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർമാരായ കെ. ജോണിക്കുട്ടി, വർഗീസ് ജോഷ്വാ (പ്രെയർ), ഏബ്രഹാം മന്ദമരുതി, കുര്യൻ മാത്യു, ബ്രദർ ഏബ്രഹാം ഉമ്മൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ. ജോർജ്ജ്, കെ.കെ. തോമസ്, ജയിംസ് ജോൺ (ഫൈനാൻസ്), പാസ്റ്റർമാരായ ബോസ് എം. കുരുവിള, എം.എ. വർഗീസ് (അറേഞ്ച്മെന്റ്സ്), ജേക്കബ് ജോർജ്ജ്, റ്റി.എം. വർഗീസ് (വോളന്റിയേഴ്സ്), എ.വി.ജോസ്, എം.ജെ. ജോൺ, എം.എം. ജോൺ (ഫുഡ്), ബിജു ജോസഫ്, സോവി മാത്യു (മ്യൂസിക്), ജേക്കബ് ജോർജ്ജ്, കെ. സാം ഫിലിപ്പ് (അക്കോമഡേഷൻ), കുര്യൻ മാത്യു (ലൈറ്റ് ആന്റ് സൗണ്ട്സ്), ബ്രദേഴ്സ് കെ.സി. ചാക്കോച്ചൻ, സി.റ്റി. വർഗീസ് (ഇന്റേണൽ ഓഡിറ്റേഴ്സ്) എന്നിവർ കൺവീനേഴ്സായുള്ള വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

## ദൈവജനം സുവിശേഷത്തോട് പ്രതിബദ്ധത ഉള്ളവർ ആയിരിക്കണം: റവ. ഡോ. മാർക്ക് വില്യംസ്

മുളക്കുഴ: ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടും ജനിക്കപ്പെട്ട ദൈവമക്കൾ സമാധാനമില്ലാത്ത ഇന്നത്തെ ലോകത്തിൽ സുവിശേഷികരണ പ്രവർത്തനങ്ങളോട് തികഞ്ഞ പ്രതിബദ്ധത ഉള്ളവരായിരിക്കണം എന്ന് ചർച്ച് ഓഫ് ഗോഡ് ജനറൽ ഓവർസിയർ റവ. മാർക്ക് വില്യംസ് പ്രസ്താവിച്ചു. മുളക്കുഴയിൽ നടന്നു വരുന്ന റോബർട്ട് എഫ് കുക്ക് ശതാബ്ദി അന്തർദ്ദേശിയ കോൺഫ്രൻസിന്റെ രണ്ടാം ദിന രാത്രി യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാതിരുന്ന ഒരു നൂറ്റാണ്ടിനു മുമ്പ് സുവിശേഷത്തിനു വേണ്ടി ഭാരത മണ്ണിൽ പോരാടിയ റവ റോബർട്ട് ഫേലിക്സ് കുക്കിന്റെ ത്യാഗപരമായ ശുശ്രൂഷ നമുക്ക് വെല്ലുവിളി ആയിരിക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പിതാക്കന്മാർ നമ്മെ ഏല്പിച്ച സുവിശേഷ ദീപശിഖ പുതിയ തലമുറയ്ക്ക് കൈമാറുവാൻ നമുക്ക് കഴിയണം. കൈമാറുന്നവരും ഏറ്റുവാങ്ങുന്നവരും ഒരുപോലെ വിശ്വസ്തരായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സ്ഥാപകനും പെന്തക്കോസ്ത് മിഷണറിയുമായിരുന്ന റവ. എഫ്. കുക്കിന്റെ ഭാരത ആഗമന ശതാബ്ദി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 21 തിങ്കളാഴ്ച 4 മണിക്ക് ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ റവ. റ്റിം. ഹിൽ നിർവ്വഹിച്ചു. ചെങ്ങന്നൂർ എം. എൽ. എ. പി. സി. വിഷ്ണുനാഥ് അദ്ധ്യക്ഷനായിരുന്നു. റോബർട്ട് എഫ്. കുക്ക് കൺവൻഷൻ സെന്ററിന്റെ ഉദ്ഘാടനം കുക്കിന്റെ കൊച്ചു മകൻ റവ. റോബർട്ട് കുക്ക് ജൂനിയർ നിർവ്വഹിച്ചു. ആന്റോ ആന്റണി എം. പി, കെ. ശിവദാസൻ നായർ എം. എൽ. എ, സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജയിംസ്,




നാഷണൽ റെപ്രസൻന്റേറ്റിവ് റവ. കെ. സി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. അമേരിക്കയിലെ ടെന്നസി ഗവർണറുടെ പ്രതിനിധി കെവിൻ ബ്രൂക്സ്, റവ ഡോൺ സ്വീഡേഴ്സ്, ഏഷ്യ പസഫിക് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ, ഇൻഡ്യാ സൂപ്രണ്ട് റവ. ഡെന്നീസ് ഹെപ്നർ, റവ കെ. ജെ. മാത്യു, റവ. ഐസക് സൈമൺ, റവ. സി. സി. തോമസ് തുടങ്ങിയവർ പങ്കെടുത്തു. ശതാബ്ദി ഇന്റെർ നാഷണൽ കോർഡിനേറ്റർ പ്രഫസർ സുശീൽ മാത്യു സ്വാഗതവും, ഹോസ്റ്റ് കമ്മറ്റി കോർഡിനേറ്റർ ജോസഫ് മറ്റത്തുകാല നന്ദിയും പറഞ്ഞു. ടെന്നസി സ്റ്റേറ്റ് ഒക്ടോബർ 21 റോബർട്ട് കുക്ക് ദിനമായി ആചരിക്കുന്നതിന്റെ ഔദ്യോഗിക രേഖ പി. സി വിഷ്ണുനാഥ് എം. എൽ. എ ക്ക് കെവിൻ ബ്രൂക്സ് കൈമാറി. റോബർട്ട് എഫ് കുക്കിന്റെ കുടുംബാംഗങ്ങളായ ഏഴു പേർ സമ്മേളനത്തിൽ പങ്കെടുത്തു. ഗവേണിംഗ് ബോഡി ചെയർമാൻ പാസ്റ്റർ കെ. എം. തങ്കച്ചൻ ഭാരതത്തിനു വേണ്ടി പ്രാർത്ഥിച്ചു.



റവ. കെ. ജി. ഈശോ



# വത്തിക്കാൻ മാതൃക

അധികാരം എന്നും മനുഷ്യന് മത്താണ് എന്ന ചിന്ത ഒട്ടും അസ്ഥാനത്തല്ല. അധികാര സ്ഥാനങ്ങളിൽ എത്തിച്ചേരാനും എത്തിച്ചേർന്നാൽ തിരികെ ഇറങ്ങാതിരിക്കാനും മനുഷ്യൻ ചെയ്യുന്ന ശ്രമങ്ങളും കുടില തന്ത്രങ്ങളും നാം ദൈനംദിന ജീവിതത്തിൽ കണ്ടുകൊണ്ടിരിക്കുന്നവരാണ്.

പ്രവർത്തിക്കുന്നതിനുള്ള നിയമപരവും അനിരോധ്യവുമായ അവകാശവും ആരെയെങ്കിലും അഥവാ എന്തിനെയെങ്കിലും കൈവശം വയ്ക്കുവാനും നിയന്ത്രിക്കുവാനും കൈമാറ്റം ചെയ്യുവാനുമുള്ള കഴിവാണ് അധികാരം.

സ്വന്തം സൃഷ്ടിയായ പ്രപഞ്ചത്തിന്റെ മേൽ ദൈവത്തിന് സാർവ്വത്രികവും നിത്യവും മാറ്റവുമില്ലാത്തതുമായ ആധിപത്യവും അധികാരവും ഉണ്ട്. സൃഷ്ടിയായ മനുഷ്യനോട് എന്തും ചെയ്യുവാനുള്ള അധികാരം ദൈവത്തിനുണ്ട്. കുശവന് കളിമണ്ണിന്റെമേൽ ഇഷ്ടാനുരൂപമായ പാത്രമാക്കുവാനും, ഉടച്ച് കളയുവാനും അധികാരം ഉള്ളതുപോലെ മനുഷ്യൻ ദൈവാധികാരത്തിന് വിധേയപ്പെട്ട് ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കണം.

രണ്ടു മണ്ഡലങ്ങളിൽ ദൈവം സ്വന്തം അധികാരം മനുഷ്യനു നൽകി. കുടുംബത്തിലും മാനുഷിക ഭരണതലത്തിലും പുരുഷന് സ്ത്രീയുടെമേൽ അധികാരം നൽകിയിട്ടുള്ളതുകൊണ്ട് അവൾ ഭർത്താവിനെ അനുസരിക്കേണ്ടതാണ്. അതുപോലെ മാതാപിതാക്കൾക്ക് മക്കളുടെ മേൽ അധികാരം ഉണ്ട്.

രാഷ്ട്രത്തിലെ അധികാരികളെ അനുസരിക്കുവാനുള്ള ബാധ്യത എല്ലാവർക്കുമുണ്ട്. അപ്പൊസ്തലന്മാർക്ക് അധികാരം നൽകിയത് മശിഹായാണ്. അവർ ക്രിസ്തുവിന്റെ സാക്ഷികളും സ്ഥാനാപതികളുമാണ്. സഭ സ്ഥാപിക്കുന്നതിനും പണിയുന്നതിനും നിയന്ത്രിക്കുന്നതിനും ക്രിസ്തു അവർക്ക് അധികാരം നൽകി.

ആഗോള കത്തോലിക്ക സഭയുടെ മുൻ പരമാദ്ധ്യക്ഷനായിരുന്ന ബനഡിറ്റ് പതിനാറാമൻ സ്ഥാനത്യാഗം ചെയ്ത വാർത്ത ഇന്നും സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുകയാണ്. ഒരുപക്ഷെ കത്തോലിക്ക സഭയ്ക്കല്ലാതെ മറ്റ് ഒരു ക്രൈസ്തവ സഭയ്ക്കോ സംഘടനകൾക്കോ രാഷ്ട്രങ്ങൾക്കോ അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിനുള്ള രീതി മറ്റാർക്കും ഉണ്ടാവില്ല. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത് ചത്ത് കളഞ്ഞ യൂദാസിന് പകരം മത്തിയാസിനെ ചീട്ടിട്ടെടുത്ത തിരഞ്ഞെടുപ്പ് രീതിയുടെ തുടർച്ചയെന്ന നിലയിലാണ് കത്തോലിക്ക സഭ പരമാദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നത്. വളരെ വ്യത്യസ്തമായാണ് ഇത് അവലംബിച്ചിരിക്കുന്നത്. എണ്ണപ്പെട്ട പുരോഹിതന്മാർ, തങ്ങൾക്കിടയിൽ നിന്ന് ഒരാളെ പദവിയിലേക്ക് തിരഞ്ഞെടുക്കുന്നതിന് ദിവസങ്ങൾ നീണ്ട് നിൽക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ്.

ബെനഡിക്ക് പതിനാറാമനും അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ഒരാളായിരുന്നു. തികച്ചും യാദൃശ്ചികമായിരുന്നു തന്റെ രാജി. 600 വർഷത്തെ സഭാചരിത്രത്തിൽ ഒടുവിൽ നടന്ന രാജി. സ്ഥാനത്യാഗത്തെക്കുറിച്ച് തന്റെ വെളിപ്പെടുത്തലിൽ തന്റെ രാജി ദൈവനിയോഗമായിരുന്നു എന്നാണ്. സാധാരണ സ്ഥാനലബ്ധി മാത്രം ദൈവനിയോഗമായി കാണുന്ന ക്രൈസ്തവ സമൂഹത്തിന് ബനഡിക്റ്റ് പതിനാറാമന്റെ രാജി അത്ഭുതം കൊള്ളിക്കുന്നതാണ്.

ദൈവിക വേല ചെയ്യുവാൻ അധികാരവും ഇരിപ്പിടവും ഒരു പ്രശ്നമല്ല. ഇപ്പോഴത്തെ പാപ്പ ഫ്രാൻസിസ് തന്നെ താൻ ഒരു പുരോഹിതനായി കാണുന്നില്ല എന്നാണ് പറഞ്ഞത്. ജനങ്ങളുമായി ബന്ധപ്പെടാത്ത ഒന്നും തന്റെ ശുശ്രൂഷാ പദവിയിൽ വരുന്നതല്ലെന്നും, അത് ചെയ്യുമ്പോൾ മാത്രമാണ് തന്റെ പദവി ശ്രേഷ്ഠമാകുന്നതെന്നും പറഞ്ഞു.

വത്തിക്കാനിലെ മാർപാപ്പമാരിൽ നിന്നും നേതൃത്വങ്ങൾ വിശേഷാൽ ക്രൈസ്തവ സഭാനേതൃത്വങ്ങൾ ഈ മാതൃക പിൻപറ്റേണ്ടതാണ്. വത്തിക്കാനിലെ സ്ഥാനത്യാഗവും സ്ഥാനലബ്ധിയും ദൈവനിയോഗമെങ്കിൽ നമുക്കും എന്തുകൊണ്ട് ആയിക്കൂടാ.

## പെന്തെക്കോസ്ത് ചർച്ചുകൾ അടച്ചുപൂട്ടുവാൻ കാമറോൺ പ്രസിഡന്റിന്റെ ഉത്തരവ്



കാമറോൺ: (യാവോൻസ്): നൂറോളം പെന്തെക്കോസ്തൽ ചർച്ചുകൾ അടച്ചുപൂട്ടുവാൻ പ്രസിഡന്റ് പോൾ ബിയ ഉത്തരവ് ഇട്ടിരിക്കുന്നു. പടിഞ്ഞാറൻ ആഫ്രിക്കയിലെ കാമറോണിലെ യാവോൻസ് സിറ്റിയിൽ പ്രവർത്തിക്കുന്ന പെന്തെക്കോസ്ത് സഭകളെ മറയാക്കി ക്രിമിനലുകളെ വളർത്തുന്നു എന്നും അത് രാജ്യസുരക്ഷയ്ക്ക് ഭീഷണിയാണെന്നും പറഞ്ഞാണ് പ്രസിഡന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

എന്നാൽ ക്രിസ്തീയ പോപ്പുലേഷൻ കൂടുതലുള്ള പട്ടണങ്ങളിൽ മിലിട്ടറി അധികാരം ഉപയോഗിച്ച് സഭകളെ ഉന്മൂലനം ചെയ്യുക എന്ന ഉദ്ദേശമാണ് ഇതിന് പിന്നിൽ എന്നാണ് പാസ്റ്റേഴ്സ് ആരോപിക്കുന്നത്.

അമ്പതോളം ചർച്ചുകൾ നിലവിൽ പൂട്ടി കഴിഞ്ഞു, ഇനി അമ്പതോളം ചർച്ചുകളും അടച്ച് പൂട്ടൽ ഭീഷണി നേരിടുകയാണ്.

## തുടരുന്ന അറസ്റ്റുകൾക്കിടയിൽ ഒരു ശുഭവാർത്ത



ഇറാൻ: ജയിലടയ്ക്കപ്പെട്ട് നാളുകളായി വിമോചനത്തിനായി ആഗോള ക്രൈസ്തവർ ഒന്നടങ്കം പ്രാർത്ഥിക്കുകയും ശബ്ദം ഉയർത്തുകയും ചെയ്യുന്ന പാസ്റ്റർ സെയ്ദിന്റെ വിമോചനത്തിനായി, ഇവിൻ ജയിലിന് മുമ്പിൽ പ്രതിഷേധിച്ച പാസ്റ്റർ റോമെറോ ഹോപ്പ്സിനെ അറസ്റ്റ് ചെയ്തു വിട്ടയച്ചു. പാസ്റ്റർ സെയ്ദ് ഉൾപ്പെടെ ജയിലിലായ പല പാസ്റ്റർമാരും ഉടനെ തന്നെ വിട്ടയയ്ക്കപ്പെടും എന്നും വാർത്തകൾ പുറത്ത് വരുന്നുണ്ട്. തുർക്കിയിൽ നിന്നും ഇറാനിലെത്തിയ മനുഷ്യാവകാശ സംഘത്തോടൊപ്പം ഉണ്ടായിരുന്ന പാസ്റ്റർ റോമെറോ ജയിലിന് മുമ്പിലെത്തിയപ്പോൾ അപ്രതീക്ഷിതമായാണ് 'ലെറ്റ് മൈ പീപ്പിൾ ഗോ' എന്ന് ഉറക്കെ പറഞ്ഞത്. ഇതേ തുടർന്ന് അധികാരികൾക്ക് മുമ്പിൽ സ്വയം കീഴടങ്ങിയ പാസ്റ്ററെ വിശദമായ ചോദ്യം ചെയ്യലിന് ശേഷം വിട്ടയച്ചു. കാലിഫോർണിയായിലെ ഹെസെന്റ് ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ റിട്ടേഡ് പാസ്റ്ററും വാളന്റിലെ മൗണ്ട് സാൻ അസ്റ്റിതിയോ കോളേജിലെ വേൾഡ് റിലീജിയൻ ഫിലോസഫി പ്രൊഫസറുമാണ് പാസ്റ്റർ റോമെറോ ഹോപ്പ്സ്.

## പി.വൈ.പി.എ. സംസ്ഥാന ക്യാമ്പ്: ഒരുക്കങ്ങൾ ആരംഭിച്ചു

കുമ്പനാട് : പെന്തക്കോസ്ത് യുവജന സംഘടനയുടെ 66-ാം ജനറൽ ക്യാമ്പ് Skeuos'13 എന്ന പേരിൽ ഡിസംബർ 22 മുതൽ 25 വരെ നെയ്യാർ ഡാം, RGIDS ൽ നടക്കും. പി.വൈ.പി.എ സ്റ്റേറ്റ് പ്രസിഡന്റ് സുവി. വിൽസൺ ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സ്വാഗതസംഘ രൂപീകരണ സമ്മേളനത്തിൽ രക്ഷാധികാരിയായി പാസ്റ്റർ കെ. സി. തോമസിനെയും ജനറൽ കൺവീനറായി പാസ്റ്റർ ഡാനിയേൽ കൊന്നനില്ക്കുന്നതിനെയും തിരഞ്ഞെടുത്തു. ക്യാമ്പ് തീം 2 തിമൊഥെയൊസ് 2:21 ആസ്പദമാക്കി ഹീനപാത്രങ്ങളുടെ തലമുറയിൽ കർത്താവിന് മാനപാത്രമാവുക എന്നതാണ്. സംസ്ഥാന പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ അദ്ധ്യക്ഷത വഹിക്കും. ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഡോ. സജി ലൂക്കോസ്, പാസ്റ്റർ ബിജു ചാക്കോ(UTC, ബാംഗ്ളൂർ), പാസ്റ്റർമാരായ വി.പി. ജോസ്, ബാബു ചെറിയാൻ, ജേക്കബ് ജോർജ്ജ്, ഫിലിപ്പ് പി. തോമസ്, റെജി ജേക്കബ്, വിൽസൺ ജോസഫ്, രാജു എം. തോമസ് എന്നിവർ ക്ലാസ്സെടുക്കും. ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ സമാപന സന്ദേശം നൽകും. ജെഫി യോഹന്നാൻ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## ആദിയിൽ വചനം ഉണ്ടായിരുന്നു: ഇപ്പോൾ വചനം ആപ്ലിക്കേഷനിൽ



അനുദിനം വാർത്താമാധ്യമരംഗത്ത് ഉണ്ടാകുന്ന വിപ്ലവാത്മകമായ മാറ്റം പൊതുജനം അതിശയത്തോടെ നോക്കിക്കാണുകയാണ്. ഈ മാറ്റങ്ങളെ എല്ലാം ഉൾക്കൊണ്ട് സുവിശേഷീകരണവും അതിന്റെ സാധ്യതകളെ ആവോളം ചൂഷണം ചെയ്ത് ഉപയോഗിക്കുകയാണ്. ഇന്റർനെറ്റ് ആപ്ലിക്കേഷൻ സംവിധാനം പ്രയോജനപ്പെടുത്തി ബൈബിൾ വായിക്കുന്നവരുടെ എണ്ണം 4 മില്യൺ കഴിഞ്ഞു.

അമേരിക്കയിലെ ഏറ്റവും വലിയ ടെക്നോളജിക്കൽ ആഡ്വാൻസ്ഡ് ചർച്ച് ആയ ഇവാഞ്ചലിക്കൽ ചർച്ചിൽ യൂ വേർഷൻ എന്ന ഡിജിറ്റൽ മിഷൻ സംവിധാനത്തോടെ, ഓൺലൈൻ ചർച്ച് സർവ്വീസും, പ്രീ പായ്ക്കഡ് വർഷിപ്പ് വീഡിയോയും സൗജന്യമായി സഭാംഗങ്ങൾക്ക് നൽകുന്നുണ്ട്. സ്തോത്രകാഴ്ചയും ദശാംശവും വരെ ഓൺലൈനായി സഭ കളക്റ്റ് ചെയ്യുന്നുണ്ട്.

ഐ.റ്റി. ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ചർച്ചുകൾ ഡിജിറ്റൈലസേഷൻ ചെയ്തതോടെ, 400 ഭാഷകളിലായി 600 ഓളം ബൈബിൾ പരിഭാഷ നടന്നു. കത്തോലിക്ക ചർച്ചിലും റഷ്യൻ ഓർത്തഡോക്സ് ചർച്ചിലും മെസ്സയാനിക് ജൂയിഷ് ചർച്ചിലും ഈ സഭ കാര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

യൂ വേർഷൻ എന്ന ആപ്ലിക്കേഷൻ വഴി 160 മില്യൻ ഡൗൺലോഡുകൾ കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഉണ്ടായതാണ് ഇതിന്റെ പിന്നണിയിലെ കമ്പനിയെ ഉദ്ധരിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ലോകസുവിശേഷീകരണത്തിന്റെ അപ്പൊസ്തലനായ ഡോ. ബില്ലിഗ്രഹാം 'യു വേർഷൻ' ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്. ബില്ലിഗ്രഹാമിന്റെ പ്രസംഗം ഒരു മിനിറ്റിൽ ഡൗൺലോഡ് ചെയ്യുന്നവരുടെ എണ്ണം 6 ലക്ഷത്തിലധികമാണ്. 'യൂ വേർഷനിൽ' ബൈബിൾ ആപ്ലിക്കേഷൻ ഡൗൺലോഡിങ്ങിന്റെ എണ്ണം അനുനിമിഷം കൂടുന്നതിനാൽ അതുവഴിയുള്ള പോപ്പ് മ്യൂസിക്കിന്റെയും ഹോളിവുഡ് സിനിമായുടെയും കച്ചവടം നഷ്ടത്തിലാകുന്നു എന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്.

അമേരിക്കൻ ചർച്ചിൽ പഠനം നടത്തിയ പ്രൊഫസർ, സ്കോട്ട് തുമ പറഞ്ഞത് 'യൂ വേർഷൻ' ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിലൂടെ സഭയിൽ ഡിജിറ്റലെയ്സേഷൻ പൂർണ്ണമായിക്കൊണ്ടിരിക്കുന്നു എന്നാണ്.



❶

# ഡോക്ടർ ബില്ലിഗ്രഹാം: പ്രൊട്ടസ്റ്റന്റ് പോപ്പ്



**പീരുമേട് ക്ലീറ്റസ്**

**185 രാജ്യങ്ങൾ സഞ്ചരിച്ച് 215 മില്യൻ ആളുകളോട് നേരിട്ട് സുവിശേഷം അറിയിച്ചതും മാധ്യമ ശൃംഖലകളിലൂടെ എത്രയോ ശതകോടി ആളുകളോട് സുവിശേഷം അറിയിച്ചതും ആയ ഒരു വ്യക്തി ഡോ. ബില്ലി ഗ്രഹാം മാത്രമാണ്. 95–ാം വയസിലേക്ക് പ്രവേശിക്കുന്ന ലോകം കണ്ട ഏറ്റവും വലിയ ഈ അപ്പൊസ്തലന്റെ പാദസ്പർശനം ഏൽക്കുവാനും നാവിലൂടെയുള്ള സുവിശേഷ സന്ദേശം കേൾക്കുവാനും ഭാരത ഭൂമിയ്ക്കും വിശേഷാൽ ഭാരതത്തിൽ പെന്തെക്കോസ്തിന്റെ ആദ്യ തീപ്പൊരി വീണ കേരളത്തിന് ഏറെ അഭിമാനിക്കാവുന്ന ഒന്നാണ്.**

എന്ന പരിപാടിയിൽ പ്രസംഗിക്കാൻ വിളിച്ചു. ആ പ്രസംഗ പരമ്പര സ്റ്റുവർട്ട് ഹംബ്ലൺ റേഡിയോയിലൂടെ പൊതുജന മദ്ധ്യേ എത്തിച്ചതിനെ തുടർന്ന്, അഞ്ച് ആഴ്ചത്തേക്ക് ആ പ്രസംഗ പരമ്പര തുടർന്നു.

അന്ന് പ്രചാരത്തിലിരുന്ന വില്യം ഹർസ്റ്റ് എന്ന ദേശീയ ദിനപത്രം ദിനംപ്രതി ബില്ലിഗ്രഹാമിന്റെ റിവൈവൽ മീറ്റിംഗിനെക്കുറിച്ച് വിശദമായ വാർത്തകൾ കൊടുത്തു. പരിണിത ഫലമായി ഡോ. ബില്ലി ഗ്രഹാം ക്രിസ്ത്യൻ സൂപ്പർസ്റ്റാർ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 1954 ൽ ദോഷകരമായ കമ്മ്യൂണിസത്തിനെതിരെ ഒരു പത്ര മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞകാര്യങ്ങൾ അന്ന് ആഗോള



വ്യാപകമായി വാർത്താ പ്രാധാന്യം നേടുകയും ദേശീയ അന്തർദേശീയ പത്രമാധ്യമങ്ങളെല്ലാം വളരെ ചർച്ച ചെയ്യുകയും ചെയ്തു. 1954 ൽ ആണ് ഒന്നുകിൽ കമ്മ്യൂണിസം മരിക്കുക അല്ലെങ്കിൽ ക്രിസ്ത്യാനിത്വം മരിക്കുക എന്ന പ്രസ്താവന നടത്തിയത്. കാരണം ക്രിസ്തുവിനും എതിർക്രിസ്തുവിനുമിടയിലാണ് യുദ്ധം നടക്കുന്നത്. രാസായുധങ്ങളുടെ ആഗമനത്തോടുകൂടെ ഭയവിഹ്വലരും ദുർബലരുമായ ജനങ്ങൾ ആത്മീയ സുരക്ഷിതത്വം അന്വേഷിച്ചു തുടങ്ങിയത്. അതുകൊണ്ട് ആത്മീയ ഉണർവിലൂടെ, വൃണപ്പെട്ട ആളുകളുടെ ഉദ്ധാരണത്തിനായി ഉണർവ്വ് യോഗങ്ങൾ സംഘടിപ്പിച്ച് തുടങ്ങിയത്. അതിലൂടെ ക്രിസ്ത്യാനികൾക്ക് ഉന്നതമായ ഉപദേശവും വശീകരണാത്മകമായ സുവിശേഷീകരണവും ചെയ്തുതുടങ്ങുകയും മാധ്യമങ്ങൾ അത് പ്രചരിപ്പിക്കുകയും ചെയ്തു.

സുവിശേഷീകരണത്തിന്റെ വ്യാപനം ലക്ഷ്യമാക്കി സഹപ്രവർത്തകർ ചേർന്ന് ബില്ലി ഗ്രഹാം ഇവാഞ്ചലിക്കൽ അസോസിയേഷന് രൂപം നൽകി. സോങ് ഇൻ ദ നൈറ്റ് എന്ന പേരിൽ റേഡിയോ സന്ദേശവും 150 സ്റ്റേഷനുകളിലായി ദ ഹവ്വർ ഓഫ് ഡിസിഷൻ എന്ന പേരിൽ ആഴ്ചയിലൊരിക്കൽ മറ്റൊരു പ്രോഗ്രാമും ആരംഭിച്ചു. ഒടുവിൽ 1200 സ്റ്റേഷനുകളിലായി അത് വ്യാപിപ്പിച്ചു. പിന്നീട് ഇതേ പ്രോഗ്രാമുകൾ





ടെലിവിഷൻ പ്രോഗ്രാമുകളായി പരിണമിച്ചു. അങ്ങനെ സുവിശേഷീകരണത്തിനായി അന്നത്തെ ആധുനിക മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ വിജയിച്ചു.

കാലക്രമത്തിൽ ബി.ജി.ഇ.എ.യുടെ എണ്ണമറ്റ ഇന്റർനാഷണൽ ഓഫീസുകൾ ലോകത്തുടനീളം തുറക്കുകയും അതിലൂടെ സുവിശേഷ പ്രതികൾ, ടേപ്പുകൾ, ഫിലിമുകൾ, പുസ്തകങ്ങൾ എന്നിവ ആഗോള വ്യാപകമായി വിതരണം ചെയ്യുകയും ചെയ്തു. പിന്നീട് ഈ ഓഫീസുകൾ കേന്ദ്രീകരിച്ച് ക്രൂസേഡുകൾ ആരംഭിച്ചു. ക്രൂസേഡുകളുടെ നടത്തിപ്പിനായി വോളന്റിയർമാർ അടങ്ങുന്ന വിപുലമായ സംവിധാനങ്ങൾ ഒരുക്കുകയും യോഗാനന്തരം ആളുകൾക്കായ് കൗൺസിലിംഗുകൾ നടത്തുകയും തുടർന്ന് അവരുമായി ബന്ധപ്പെടുന്നതിലൂടെ ആളുകളെ ക്രിസ്തുവിലേക്ക് ആനയിക്കുകയും ചെയ്തു.

വീടുകളിൽ എത്തിക്കുന്ന വർക്ക് ബുക്കുകളിലൂടെ നാഷണൽ ടെലിവിഷൻ വഴി ആളുകളുടെ അനുഭവങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1955 ൽ ക്രിസ്ത്യൻ ടുഡേ എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. 1958 ൽ ടിസിഷൻ മാഗസിൻ എന്ന പേരിൽ മറ്റൊരു മാസിക ആരംഭിച്ചു. സ്പാനിഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുകയും ദൈവത്തിന്റെ രഹസ്യ പ്രതിനിധി (1975), എങ്ങനെ വീണ്ടും ജനനം പ്രാപിക്കാം (1979), മരണത്തിനും ജീവനും ശേഷം ഉള്ള യാത്ര (1994), നശ്വരമായ ലോകത്തിൽ വിശ്വാസത്തോടുകൂടിയ ജീവിതം (2006) എന്നീ പുസ്തകങ്ങൾക്കപ്പുറം എണ്ണമറ്റ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിമർശകർ തന്നെ ഒരു ലിബറലായും, ഭ്രൂണഹത്യക്കെതിരെ സംസാരിച്ചു എന്ന കാരണത്താൽ ഒരു മൗലികവാദിയായും ചിത്രീകരിച്ചു. തിയോളജിയൻ റെയിൻഹോൾഡ് നീബർ തന്നെ ഒരു സിബ്ളസ്റ്റിക് എന്നും വിശേഷിപ്പിച്ചു. സുവിശേഷകൻ ബോബ് ജോൺസൺ വിശ്വസിക്കുന്നത് യേശുക്രിസ്തുവിനെതിരെ ഏറ്റവും ദോഷകരമായി പ്രവർത്തിച്ചവരിൽ ബില്ലിഗ്രഹാമിനെപ്പോലെ മറ്റാരും ഉണ്ടാവില്ല എന്നായിരുന്നു. പ്രസിഡന്റ് ട്രൂമാൻ ഒരു കള്ളനാണയം എന്നും വിശേഷിപ്പിച്ചു. ഈ വഴികളൊക്കെയും പിന്നിട്ട ഡോ. ബില്ലിഗ്രഹാം ശരിയായ പ്രകാശ ബഹിർഗമനത്തിലൂടെ ലോകസുവിശേഷീകരണ ചരിത്രത്തിൽ അനുദിനം മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കൽ ഒരു റിപ്പോർട്ടർ ബില്ലി ഗ്രഹാമിനെ ദ പോപ്പ് ഓഫ് പ്രൊട്ടസ്റ്റന്റ് (അമേരിക്ക) എന്നാണ് വിശേഷിപ്പിച്ചത്. (ജിം ബേക്കർ) ഡോ. ബില്ലി ഗ്രഹാം ദുർമാർഗിയായ ഒരു പണക്കാരൻ അല്ലായിരുന്നുവെന്നും (ജിമ്മി സ്വാഗർട്ട്) വ്യഭിചാരികൾക്കൊപ്പം നടക്കാത്തവനെന്നും (ജോയൽ ഹോസ്റ്റർ) മെഗാചർച്ച് പണിയാത്തവനെന്നും (പാറ്റ് റോബർട്ട്സൺ) പ്രസിഡന്റ് പദവിക്ക് പിന്നാലെ പോകാത്തവനെന്നും (ജറി ഫോർവെൽ) ഒരു ക്രിസ്ത്യൻ ലോബിയെ നയിക്കാതിരുന്നവനെന്നും വിശേഷിപ്പിച്ചിട്ടുണ്ട്. മാർട്ടിൻ ലൂദർ കിംങും ജൂനിയർ ബോനോയും മുഹമ്മദ് അലിയും അമേരിക്കൻ മുൻ പ്രസിഡന്റ് ജോർജ്ജ് ബുഷും ഡോ. ബില്ലിഗ്രഹാമിന്റെ ആത്മീയ ആലോചനകൾ സ്വീകരിക്കുകയും സ്വാധീനം ചെയ്തവരുമാണ്. ലോകത്തിലെ ഏറ്റവും സ്വാധീനിക്കപ്പെട്ട പത്തുപേരിൽ ഒരാളായി 51 തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

റൊണാൾഡ് റീഗൺ പ്രസിഡൻഷ്യൽ ഫൗണ്ടേഷൻ ഫ്രീഡം അവാർഡും ദ കോൺഗ്രിഗേഷൻ ഗോൾഡ് മെഡലും ദ റ്റെമ്പൾട്ടൺ ഫൗണ്ടേഷൻ പ്രൈസ് ഫോർ പ്രോഗ്രസ് ഇൻ റീലീജണും ദ ബിഗ് ബ്രദർ അവാർഡും നേടിയിട്ടുണ്ട്. നാഷണൽ കോൺഫറൻസ് ഓഫ് ക്രിസ്ത്യൻ ആൻ ജൂയിസ് ഫോർ പ്രൊമോട്ടിംഗ് അണ്ടർസ്റ്റാൻഡിംഗ് ബിറ്റ്വീൻ ഫെയ്ത്ത് കമാൻഡർ ഓഫ് ദ ഓർഡർ ഓഫ് ദ ബ്രട്ടീഷ് എമ്പയർ ബഹുമതി നൽകി ആദരിച്ചിട്ടുണ്ട്.

1992 ൽ ബില്ലിഗ്രഹാം അസുഖബാധയെതുടർന്ന് സ്ഥാനം ഒഴിഞ്ഞതിനെ തുടർന്ന് മകൻ വില്യംസ് ഫ്രാങ്ക്ലിൻ ഗ്രഹാം 111 ബി.ജി.ഇ.എ. യുടെ പ്രസിഡന്റായ് ചുമതലയേറ്റു. 2005 ൽ സഞ്ചാര സുവിശേഷീകരണത്തിൽ നിന്നും ആരോഗ്യ കാരണങ്ങളാൽ മാറിയതിനെത്തുടർന്ന് നോർത്ത് കർലോണിയയിലെ വീട്ടിലേക്ക് താമസം മാറി. അസുഖ ബാധയെതുടർന്ന് തന്റെ പ്രിയ പത്നി രൂത്ത് ഗ്രഹാം 2007 കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അഞ്ചുമക്കളും പത്തൊൻപത് ചെറുമക്കളുമുള്ള ഡോ. ബില്ലിഗ്രഹാം വീട്ടിൽ വിശ്രമിക്കുമ്പോഴും ഹൃദയത്തിൽ തളരാത്ത യൗവനതുടിപ്പുമായ് മുന്നോട്ട് ഗമിക്കുകയാണ്.

185 രാജ്യങ്ങൾ സഞ്ചരിച്ച് 215 മില്യൻ ആളുകളോട് നേരിട്ട് സുവിശേഷം അറിയിച്ചതും മാധ്യമ ശൃംഖലകളിലൂടെ എത്രയോ ശതകോടി ആളുകളോട് സുവിശേഷം അറിയിച്ചതും ആയ ഒരു വ്യക്തി ഡോ. ബില്ലി ഗ്രഹാം മാത്രമാണ്. 95–ാം വയസിലേക്ക് പ്രവേശിക്കുന്ന ലോകം കണ്ട ഏറ്റവും വലിയ ഈ അപ്പൊസ്തലന്റെ പാദസ്പർശനം ഏൽക്കുവാനും നാവിലൂടെയുള്ള സുവിശേഷ സന്ദേശം കേൾക്കുവാനും ഭാരത ഭൂമിയ്ക്കും വിശേഷാൽ ഭാരതത്തിൽ പെന്തെക്കോസ്തിന്റെ ആദ്യ തീപ്പൊരി വീണ കേരളത്തിന് ഏറെ അഭിമാനിക്കാവുന്ന ഒന്നാണ്.

അമേരിക്കയുടെ പ്രൊട്ടസ്റ്റന്റ് പോപ്പ് എന്ന് മാത്രം ചുരുക്കാവുന്നതല്ല ഡോ. ബില്ലി ഗ്രഹാമിന്റെ പേര്. നൂറുകോടിയിലധികം വരുന്ന ആഗോള പ്രൊട്ടസ്റ്റന്റ് സഭകളുടെ പോപ്പായി തന്നെ വിശേഷിപ്പിക്കപ്പെടേണ്ടതാണ്. •





ബ്രദർ വൈ. കുഞ്ഞപ്പി

# യേശുവിനെക്കുറിച്ച് അറിയേണ്ടുന്ന 5 കാര്യങ്ങൾ

ചരിത്രത്തിൽ യേശുക്രിസ്തുവിനോളം ഉന്നതനായ ഒരു വ്യക്തി ജീവിച്ചിരുന്നിട്ടില്ല. എണ്ണമറ്റ കവിതകളാണ് ക്രിസ്തു കേന്ദ്രമായ് എഴുതപ്പെട്ടിട്ടുള്ളത്. ഏറ്റവും കൂടുതൽ വരയ്ക്കപ്പെട്ട ചിത്രങ്ങളും ക്രിസ്തുവിന്റേത് തന്നെ. മാർട്ടിൻ ലൂഥർ കിംങും മഹാത്മാഗാന്ധിയും ഉൾപ്പെടെ പുകൾപ്പെറ്റ എത്രയോ ഉന്നതന്മാരിൽ യേശുവിന്റെ സ്വാധീനം വളരെയായിരുന്നു. ഇങ്ങനെ യേശുവിനാൽ സ്വാധീനിക്കപ്പെട്ട വിശ്വാ സിയല്ലാത്ത എച്ച്. ജി. വെൽസ് പറഞ്ഞത്, കേവലം സാധാരണക്കാരനായ നസറേത്തിലെ യേശു ക്രിസ്തുവിനെ ചരിത്രത്തിന്റെ നടുവിൽ നിർത്തി മാത്രമേ ചരിത്രം പറയാൻ കഴിയൂ. കാരണം അത്രമാത്രം സ്വാധീനമാണ് ജനമനസുകളിൽ യേശു വരുത്തിയത്.

ഇവയെക്കാൾ ശ്രേഷ്ഠമായ പല അറിവുകളും യേശുക്രിസ്തുവിനെക്കുറിച്ച് നമുക്ക് ഉണ്ടെങ്കിലും ഒട്ടനവധി തെറ്റിദ്ധാരണകളും നമുക്കുണ്ട്. എന്നാൽ ഇവിടെ നാം അറിയേണ്ടുന്ന 5 പ്രധാന കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ.

## 1. യേശു എല്ലായ്പ്പോഴും ശാന്തനും സൗമ്യനും ആയിരുന്നില്ല

നമുക്ക് ഏറെ പരിചിതമായ യേശുവിനെക്കുറിച്ചുള്ള പരിചയപ്പെടുത്തലുകൾ ഇങ്ങനെയാണ്. പ്രകാശം ഒഴുകുന്നവനായി, വെണ്മ വസ്ത്രധാരിയായി ശ്രേഷ്ഠ അപ്പൊസ്തലൻ എന്ന നാമം ധരിച്ചവനായി നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നവനായി പാപത്തിന്റെ ഫലം തിരിച്ചറിയുകയും അധഃപതനത്തിൽ നിന്നുള്ള വിടുതലുമാഗ്രഹിക്കുന്ന ഏതൊരുവനും കരുണയും കൃപയും അനുഗ്രഹവും ക്ഷമയും നൽകുന്നവനാണ് ക്രിസ്തു. ഒപ്പം ചില ആചാരമര്യാദകൾക്കും അനുഷ്ഠാനുങ്ങൾക്കും അപ്പുറം ചെയ്ത ചില കാര്യങ്ങളും ചുവടെ പ്രത്യേകമായ് എഴുതട്ടെ.

മന്ദിരത്തിൽ കച്ചവടം ചെയ്തു ലാഭം കൊയ്തിരുന്നവരെ ചവിട്ടിക്കൊണ്ട് അടിച്ച് പുറത്താ ക്കുകയും മേശകളെ മറിച്ചിടുകയും ചെയ്തു (യോഹ. 2:13–22).

നരകത്തിന്റെ സന്തതികൾ, അന്ധരായ വഴികാട്ടികൾ, സർപ്പസന്തതികൾ എന്നിങ്ങനെ മതപുരോഹിതന്മാരെ വിളിച്ചു (മത്തായി 16:22).

താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരിൽ ഒരുവനായ പത്രോസിനെ ഒരവസരത്തിൽ 'സാത്താനേ' എന്ന് വിളിച്ചു (മത്തായി 16:23).

യേശുക്രിസ്തു കേവലം ഒരു പുരുഷനോ നല്ല മനുഷ്യനോ മാത്രം ആയിരുന്നില്ല. ധൈര്യപ്പെടുത്തുന്നവനും മനുഷ്യത്വം ഉറപ്പിക്കുന്നവനും നേതാവെന്ന നിലയിലും യേശു തന്റെ കഴിവുകൾ ഇതര നിലയിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

സത്യത്തിന് വേണ്ടി പ്രവർത്തിച്ചു.

കപടവേഷധാരികളായ പരീശന്മാർക്ക് എതിരെ നിൽക്കുകയും സമൂഹത്തിൽ ശക്തിയില്ലാത്തവർക്കായ് നിലകൊള്ളുകയും ചെയ്തു.

പരിഹാസങ്ങളുടെയും കഠിന ഉപദ്രവങ്ങളുടെയും മധ്യത്തിലും തന്റെ ശുശ്രൂഷയ്ക്കായ് വിശ്വാസത്തോടും ധൈര്യത്തോടും നിലനിന്നു.

## 2. ചുവന്ന തെരുവീഥിയിൽ തൂക്കപ്പെട്ട ക്രിസ്തു

ആലയത്തിന്റെ കറപുരണ്ട ജനൽ പാളികളിലും ഭിത്തികളിലും ഇന്ന് വ്യാപകമായ് ക്രിസ്തുവിന്റെ ചരിത്രം തൂക്കപ്പെട്ടിരിക്കുന്നു.

വ്യഭിചാരികളോട് യേശു സുവിശേഷ സത്യം പങ്കുവച്ചു (മത്താ. 21:31).

പാപിയായ സ്ത്രീയുടെ കൈയ്യിൽ നിന്നും സമ്മാനം കൈപ്പറ്റി (ലൂക്കൊ. 7:37).

വഞ്ചകനായ ചുങ്കക്കാരനൊപ്പം അത്താഴം കഴിച്ചു (ലൂക്കൊ. 19:1–10).

> **എണ്ണമറ്റ എല്ലാ മഹാന്മാരുടെയും കല്ലറകൾ അടഞ്ഞ് കിടക്കുമ്പോൾ, തുറക്കപ്പെട്ട കല്ലറ യേശുവിന്റേത് മാത്രമാണ്. ഇന്നേക്ക് രണ്ടായിരം വർഷങ്ങൾക്ക് പിമ്പിൽ കല്ലറയിൽ പുറത്ത് കടന്ന യേശു ഇന്നും ജീവിക്കുന്നു.**

ക്രമരഹിതമായി ജീവിച്ച സ്ത്രീയുമായി സംഭാഷിക്കുകയും ജലം വാങ്ങിക്കുടിക്കുകയും ചെയ്തു (യോഹ. 4).

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്കുവേണ്ടി പരസ്യമായ് സംസാരിച്ചു (യോഹ. 8)

യേശു കാണാതെ പോയതിനെ അന്വേഷിച്ച് കണ്ടെത്തുവാൻ വന്നതാണ്.

യേശു അടുത്തിടപഴകുകയും സംസാരിക്കുകയും ചെയ്തവരുടെ പ്രവൃത്തികളെ അംഗീകരിച്ചു എന്നല്ല ഇതിന്റെ അർത്ഥം. ഉപരി അവരെ നേർ വഴിയിലേക്ക് വിളിക്കാനുള്ള ഒരു ഉദ്യമം മാത്രം ആയിരുന്നു. പാപത്തിന് അടിമകളായിരുന്നവരെ രക്ഷിക്കാൻ വേണ്ടിയാണ് യേശു വന്നത്. സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും ഇറങ്ങി ചെല്ലുക എന്നത് തന്റെ ദൗത്യം ആയിരുന്നു. സമൂഹത്തിന്റെ ഏറ്റവും താഴേക്കിടയിൽ കിടന്നവരെ രക്ഷിക്കുവാനും ഉദ്ധരിക്കുവാനും അവർക്ക് മോചനം നല്കി ദൈവത്തെ മഹത്വപ്പെടുത്തുക എന്നതുമായിരുന്നു.

## 3. യേശു ആവശ്യപ്പെടുന്നു

പുതിയ സ്നേഹിതയുമായുള്ള ബന്ധത്തെക്കുറിച്ച് ഒരാൾ പറഞ്ഞത്. ഇറ്റ് ഈസ് ഗ്രെയ്റ്റ്. ഷി ഈസ് ഈസി ഗോയിംഗ്. ഷി നോട്ട് മെയ്ന്റൻസ് അറ്റ് ഓൾ. യേശുവിന്റെ സ്നേഹം ഒരു എളുപ്പപണിയല്ല. യേശു എന്നെ സ്നേഹിക്കുന്നു. മറിച്ച് വലിയ കാര്യം ഒന്നും ഇല്ല എന്ന് സംസാര ഭാഷയിലെപ്പോലെ പറഞ്ഞ് നിർത്താവുന്ന ഒന്നല്ല.

നിർഭാഗ്യവശാൽ ജീവിതം ആശ്വാസകരമല്ല. എന്നാൽ ആനന്ദകരമാക്കുന്നതാണ് യേശുവിന്റെ പരിപാലനം. വന്നുംപോയും നിൽക്കുന്ന ഒരു ബന്ധമല്ല. ഉപരി സദാസമയവും ബന്ധപ്പെടുന്നതാണ്. കേവലം ഒരാഴ്ചത്തേക്കോ, ഒരു ദിവസത്തേക്കോ നീണ്ട് നിൽക്കുന്നതല്ല. ലൂക്കൊ. 9 ന്റെ 23ൽ ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അതുകൊണ്ടാണ് നമ്മുടെ ജീവിതം തന്നെ ക്രിസ്തുവിനായി സമർപ്പിക്കേണം എന്ന് പറയുന്നത്. ഭാഗികമായ് നമുക്ക് സമർപ്പിക്കാൻ കഴിയില്ല. അത് ക്രിസ്തു തിരസ്കരിക്കുകയും ചെയ്യും.

## 4. യേശു മരിച്ചവനല്ല

ലോകത്തിലെ ഏതൊരു അറിയപ്പെടുന്നതും, പുകൾപ്പെറ്റതുമായ ഒരു കഥാപാത്രത്തെക്കാളും ക്രിസ്തു വേറിട്ട് നിൽക്കുന്നത്, യേശുവിനെ കേവലം ഒരു ചരിത്രനായകനെന്ന പരിവേഷത്തിനപ്പുറം ഇന്നത്തെ വ്യക്തിത്വവും ജീവിച്ചിരിക്കുന്നവനുമാണ്. യേശു ഭൂമിയിൽ സാധാരണ ഒരു മനുഷ്യനായിരുന്നു എന്ന ചിന്തക്കതീധമായ് ഇന്നും ജീവിച്ചിരിക്കുന്നവനാണ്.

എണ്ണമറ്റ എല്ലാ മഹാന്മാരുടെയും കല്ലറകൾ അടഞ്ഞ് കിടക്കുമ്പോൾ, തുറക്കപ്പെട്ട കല്ലറ യേശുവിന്റേത് മാത്രമാണ്. ഇന്നേക്ക് രണ്ടായിരം വർഷങ്ങൾക്ക് പിമ്പിൽ കല്ലറയിൽ പുറത്ത് കടന്ന യേശു ഇന്നും ജീവിക്കുന്നു. മരണത്തെ ജയിച്ച് ഉയരത്തിൽ പോയ ക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് സദാസമയവും നമുക്കായ് പിതാവിനോട് പക്ഷപാദം ചെയ്യുന്നു.

## 5. യേശു ന്യായം വിധിക്കും

വിധിക്കരുത്, നീ തന്നെത്താൻ വിധിക്കപ്പെടും എന്ന് യേശുവിന്റെ പ്രസിദ്ധമായ വചനം, ഇന്ന് ഏറ്റവും കൂടുതൽ ദുരുപയോഗപ്പെടുന്നതാണ് നാം കാണുന്നത്. ഒന്നാമത്തെ പ്രയോഗം വളരെ സാധാരണമാണ്. നാം പലപ്പോഴും കപടവേഷധാരികൾ ആയിരിക്കുന്നതായാണ് കാണപ്പെടുന്നത്. ദൈനംദിന ജീവിതത്തിൽ അവനവന്റെ തെറ്റുകളെ കണ്ട് ഉണർന്ന് ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ നമുക്ക് കഴിയണം.

പ്രസ്തുത വചനത്തിന്റെ ശരിയായ അർത്ഥം ഗ്രഹിച്ചാൽ, നാം മറ്റൊരാളെ വിധിക്കാതിരിക്കുന്നത് നമുക്ക് ജയിലിൽ എന്ന് പുറത്ത് കടക്കാൻ ലഭിക്കുന്ന ഔട്ട് പാസ് പോലെയാണ്. മറ്റൊരാളാണ് നാം വിധിക്കുമ്പോൾ ക്രിസ്തു ശ്രേഷ്ഠ ന്യായാധിപതിയായ് ആസന്ന ഭാവിയിൽ പ്രത്യക്ഷപ്പെടും എന്ന കാര്യം മറന്നുപോകുന്നു. നാം ഏവരും ന്യായാസനത്തിന് മുമ്പിൽ നിൽക്കേണ്ടവരാണെന്ന തിരിച്ചറിവ് നമ്മെ വചനത്തിന് വിധേയമാകാൻ പഠിപ്പിച്ചു. •

## ജീവിതം

ബിനു ജോൺസൻ

- അവസരങ്ങൾ നഷ്ടപ്പെടുമ്പോൾ കണ്ണുനീർകൊണ്ട് കണ്ണ് നിറയ്ക്കരുത്. എന്തുകൊണ്ടെന്നാൽ ആ കണ്ണുനീർ നിന്റെ മുമ്പിൽ ദൈവം ഒരുക്കിയിരിക്കുന്ന മറ്റൊരു അവസരത്തെ കാണാൻ തടസ്സമായി നിൽക്കും.
- നിങ്ങളുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തിന് മുൻഗണന നല്കുക. നിങ്ങളുടെ എല്ലാ പദ്ധതികളുടെയും നിയന്ത്രണം ദൈവത്തെ ഏല്പിക്കുക. അപ്പോൾ ദൈവത്തിന്റെ അനന്തമായ സ്നേഹത്തെയും മനോഹരമായ നടത്തിപ്പിനെയും നിങ്ങൾക്ക് കാണാൻ കഴിയും.



- വിജയത്തോടൊപ്പം ആത്മവിശ്വാസം കടന്നുവരുന്നത് സ്വാഭാവികമാണ്. എന്നാൽ വിജയം കടന്നുവരുന്നത് ആത്മവിശ്വാസമുള്ളവരിൽ നിന്ന് മാത്രമാണ്. നമ്മുടെ ഓരോ ദിവസവും നമുക്ക് ആത്മവിശ്വാസത്തോടെ ആരംഭിക്കാം.
- സമ്പത്ത് നഷ്ടപ്പെടുമ്പോൾ ഒന്നും നഷ്ടമാകുന്നില്ല. ആരോഗ്യം നഷ്ടമാകുമ്പോൾ ചിലതൊക്കെ നഷ്ടമാകുന്നു. എന്നാൽ സ്വഭാവം നഷ്ടമാകുമ്പോൾ എല്ലാം നഷ്ടമാകുന്നു. ആയതിനാൽ നിങ്ങളിലുള്ള ദൈവീക സ്വഭാവത്തെ നഷ്ടമാക്കരുത്.
- ജീവിതം ഒരു പരീക്ഷയാണ്. അതിൽ പ്രാർത്ഥന അത്യാവശ്യ ഘടകമാണ്. ലോകം വെറും പൊടിയാണ്. ബൈബിൾ നിങ്ങളുടെ മാർവ്വിടത്തിൽ ഉണ്ടെങ്കിൽ നിങ്ങൾക്ക് മറ്റൊന്നും ആവശ്യമില്ല. ആദ്യം ദൈവത്തെ അനുസരിക്കുക. വിജയം പുറകെ വന്നുകൊള്ളും.
- ജീവിതത്തിലെ വേദനാജനകമായ ഓരോ സന്ദർഭങ്ങളും ദൈവത്തിന്റെ ദാനമാണ്. പ്രസ്തുത അനുഭവങ്ങൾ നിങ്ങളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുകയും ദൈവത്തിന്റെ കരുതൽ അനുഭവിപ്പാൻ ഇടയാക്കുകയും ചെയ്യുന്നു. വേദനകൾ നന്മക്കായി തീരേണ്ടതിന് അവയിൽ സന്തോഷിക്കുക.



# മൂല്യാധിഷ്ഠിത ജീവിതക്രമം

**മനുഷ്യരോടും ജീവജാലങ്ങളോടും പ്രപഞ്ചത്തോടു തന്നെയും നമുക്ക് ശരിയാംവണ്ണം പ്രതികരിക്കുവാൻ ഉതകുന്ന മൂല്യാവബോധം ആവശ്യം. സമൂഹത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച ചില കാര്യങ്ങൾ ശ്രദ്ധിക്കാം. മൂല്യശോഷണം എത്രമാത്രമെന്ന് വെളിപ്പെടുത്തുന്നതായ ഈ ഓരോ വിഷയവും സമൂഹത്തെ സാരമായി ബാധിക്കുന്നതാണ്.**



**ജോർജ്ജ് സാമുവേൽ**

## കുടുംബാന്തരീക്ഷം

നല്ല മൂല്യങ്ങൾ കുട്ടികൾ ഉൾക്കൊള്ളുന്നത് അവരുടെ ഭവനത്തിൽ നിന്നാണ്. ഭവനത്തിലെത്തി കുടുംബത്തിലെ മറ്റംഗങ്ങളുമായി ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നതിന്റെ ആസ്വാദ്യത കുറഞ്ഞുവരുമ്പോൾ ഭവനത്തിൽ നിന്നല്ലാതെ വ്യത്യസ്തമായ സംതൃപ്തി മറ്റെവിടെ നിന്നോ ലഭിക്കുന്നതായി കണക്കാക്കാം. ചില ഭവനങ്ങളിൽ കുട്ടികൾ മറ്റുള്ളവരുമായി ഒരുമിച്ചിരിക്കാതെ അടുക്കളയിൽ നിന്നോ ഫ്രിഡ്ജിൽ നിന്നോ ഭക്ഷണം എടുത്തുകൊണ്ടുപോയി അവരുടെ മുറിയിലിരുന്ന് ടിവിയുടെ മുമ്പാകെയോ പാഠപുസ്തകങ്ങളുടെ നടുവിലിരുന്നോ ഭക്ഷിക്കാറുണ്ട്. സ്വന്തം ഭവനത്തിലാണ് താമസിക്കുന്നതെങ്കിലും അവരുടെതായ ഒരു ലോകത്തിൽ കഴിഞ്ഞുകൂടുന്നതുപോലെ തോന്നിപ്പോകുന്നു. ഇപ്രകാരമുള്ള ഭവനാന്തരീക്ഷമാണ് സൃഷ്ടിക്കുന്നതെങ്കിൽ അവർക്കു ലഭിക്കുന്ന മൂല്യാവബോധം അതിനനുസരണമായിരിക്കും. ചില ഗൃഹനാഥന്മാർ വളരെ വൈകിമാത്രം ഭവനത്തിലെത്തുന്നതുകൊണ്ട് ശരിയാംവണ്ണമുള്ള ആശയവിനിയമം കുട്ടികളുമായി നടത്തുവാൻ കഴിയുന്നില്ല. ചിലർ കുട്ടികൾ കിടക്കയിൽ നിന്ന് എഴുന്നേൽക്കുംമുമ്പെ ജോലി സ്ഥലത്തേക്കും മറ്റും പോയെന്നുമിരിക്കും. അവർ അത്രമാത്രം ധൃതി നിറഞ്ഞ ലോകത്തിൽ ആയിരിക്കുന്നതുകൊണ്ട് കുട്ടികൾക്ക് ഭവനം ഒരു ലോഡ്ജിങ് എന്നതിലുപരിയായി കാണുന്നില്ല. അമ്മമാർ കുട്ടികളെ അവരുടെ ഗൃഹപാഠങ്ങൾ ചെയ്യുന്നതിൽ സഹായിക്കുന്നതായും ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരായും കാണുന്നുണ്ട്. എന്നാൽ ഭവനത്തിലുള്ള ആളുകൾ തമ്മിൽ അനുഭവിക്കേണ്ട ബന്ധവും കൂട്ടായ്മയും അറ്റുപോകുന്നതുപോലെ കാണുന്നു.

ഭവനത്തിൽ നിന്നും ലഭിക്കാത്തത് തെരുവിൽ നിന്നും ലഭിക്കുമെന്നുകണ്ട് താൽക്കാലിക സൗഹൃദത്തിന്റെയും മറ്റും പിന്നാലെ ചില കുട്ടികൾ പോകുന്നുമുണ്ട്. അവിടെ നിന്നും അവർക്ക് ലഭിക്കുന്ന മൂല്യാവബോധം തികച്ചും വിഭിന്നമായിരിക്കും. മനഷ്യത്വരഹിതമായി പ്രവർത്തിക്കുന്നതിനും മറ്റും പ്രേരണ നൽകുന്ന തെറ്റായ മൂല്യങ്ങൾ ഭവനത്തിനു പുറത്തുനിന്നും പിടിച്ചെടുക്കുന്നു.

വിദ്യാഭ്യാസത്തിന്റെ ഘടകങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് കുട്ടികളുടെ സ്വഭാവവളർച്ചയിൽ മാതാപിതാക്കൾക്കുള്ള താൽപര്യവും കരുതലുമാണ്. ശരിയാംവിധം ഉൾപ്രേരണ ലഭിച്ച കുട്ടിക്ക് ബാഹ്യപ്രലോഭനങ്ങളുടെയോ ശിക്ഷയുടെയോ ആവശ്യം കൂടാതെ വളർച്ച പ്രാപിക്കുവാൻ സാധിക്കുന്നു. മേന്മയേറിയ പാഠപദ്ധതിയെക്കാളും വൈദഗ്ധ്യം നേടിയ അദ്ധ്യാപകരെക്കാളും പ്രാധാന്യം അർഹിക്കുന്നത് മാതാപിതാക്കൾക്കുള്ള കരുതലും കുട്ടികൾക്കു ലഭിച്ച ഉൾപ്രേരണയുമാണ്.

ഭക്ഷണം കഴിക്കുവാൻ മാതാപിതാക്കളും മക്കളും ഒന്നിച്ചിരിക്കുന്ന അവസരങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട് എന്ന് മനസിലാക്കുന്നത് നന്നായിരിക്കും. വിവിധ സംസ്കാരങ്ങൾക്കനുസരിച്ച് ഭക്ഷണം ക്രമീകരിച്ച് ഉപയോഗിക്കുമ്പോൾ തന്നെയും അവിടം സ്നേഹബന്ധങ്ങൾക്ക് ഉറച്ച അടിസ്ഥാനമിടുന്ന വേദിയായും മാറ്റിയെടുക്കാവുന്നതാണ്. ഒരു പക്ഷെ മറ്റൊരാളുടെ സാന്നിധ്യത്തിൽ സുരക്ഷിതത്വമില്ലാത്ത തോന്നൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ അതും മാറ്റിയെടുക്കുവാനുള്ള ഒരു സന്ദർഭമായി ഭക്ഷണ സമയം ഉപയോഗിക്കാം. തുറന്നുപറഞ്ഞുകഴിയുമ്പോൾ അവരവരുടെ ഉള്ളിലുള്ളത് പുറത്തുവരുന്നു. അതനുസരിച്ച് തെറ്റുകൾ തിരുത്തുന്നതിനും പരസ്പരബന്ധം വർദ്ധിപ്പിക്കുന്നതിനും സാധ്യതകളേറുന്നു. സ്നേഹം ലഭിക്കുന്ന ഒരു കൂട്ടത്തോട് താൻ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന അനുഭവം ഓരോരുത്തർക്കും ഉണ്ടാകുമ്പോൾ ഭവനത്തിൽ നിന്നും അകന്നു നിൽക്കേണമെന്നുള്ള ചിന്ത മാറി മറ്റംഗങ്ങളുമായി സഹവസിക്കുന്നതിന് മുൻഗണന നൽകി ജീവിത്തോടുള്ള സമീപനം ക്രമീകരിക്കുവാൻ സാധിക്കും.

ഓരോ അംഗവും മറ്റൊരംഗത്തിൽകൂടി അനുഗ്രഹീതർ ആകുകയാണ് ചെയ്യുന്നത്. ഒരാളുടെ കുറവ് മറ്റൊരാളിൽ കൂടി പരിഹരിച്ചു കിട്ടുന്നു. അതുപോലെ പരസ്പരമുള്ള പ്രതിബദ്ധതയും വർദ്ധിപ്പിച്ചെടുക്കുവാൻ കഴിയുന്നു. ഒരാൾ മറ്റൊരംഗത്തെ സ്നേഹിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സാമീപ്യം വിലപ്പെട്ടതാകുന്നു എന്ന ചിന്തയായിരിക്കേണം വളർത്തിക്കൊണ്ടുവരേണ്ടത്. കേവലം കാര്യസാധ്യത്തിനു വേണ്ടിയുള്ള സ്നേഹം അഭിനയിക്കാതെ യഥാർത്ഥ സ്നേഹബന്ധത്തിൽ ഒരുമിച്ച് വസിക്കുന്നതിലൂടെ സ്നേഹമെന്ന മൂല്യത്തിനു തന്നെ പ്രസക്തിയേറുന്നു.

കുട്ടികൾക്ക് തങ്ങളെ വിമർശിക്കുന്നവരെക്കാൾ അധികം ആഭിമുഖ്യം മാതൃകയുള്ള ജീവിതങ്ങളോടാകുന്നു. ചെറുപ്രായം മുതലെ ഭവനത്തിൽ നിന്നും ലഭ്യമാകുന്ന മാതൃകകൾ അവരുടെ ജീവിതത്തെ തുടർച്ചയായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നല്ല മൂല്യാവബോധം കുട്ടികൾക്കുണ്ടാകത്തക്കവിധം മാതൃകയായിരിപ്പാൻ മുതിർന്നവർ പ്രതിബദ്ധരാണ്. മൂല്യാഭ്യസനത്തിനുള്ള പാഠങ്ങൾ ക്രമമായി കുട്ടികൾ കണ്ടുപഠിക്കുന്നത് നമ്മുടെ വർത്തമാന രീതികളിൽ നിന്നും പ്രതികരണങ്ങളിൽ നിന്നും മറ്റുമാണല്ലോ. ഭവനത്തിനു പുറത്തെ അന്തരീക്ഷം കുട്ടികളെ വഴിതെറ്റിക്കുംവിധം സ്വാധീനിക്കുന്നുണ്ടെങ്കിൽ അതിനെയും നേരിടുവാൻ തക്ക മൂല്യാവബോധം ഭവനത്തിൽ നൽകേണ്ടിയിരിക്കുന്നു. കുട്ടികൾക്ക് ഭവനാന്തരീക്ഷത്തെ മേന്മയേറിയതായി വിലമതിക്കത്തക്കവണ്ണം ആകർഷണീയമായിരിക്കണം. പുറത്തുനിന്നും ലഭ്യമാക്കുവാനോ പണം ചിലവുചെയ്തുവാങ്ങുവാനോ കഴിയാത്തതായ സ്വഭാവ ഗുണമേന്മയും അതിന്റെ പരിണിത ഫലങ്ങളായ സംതൃപ്തിയും ആനന്ദവും ഭവനത്തിൽ ലഭ്യമാകണം. ഒരിക്കലും ഭവനത്തിൽ നിന്നും ഗുണമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല എന്ന ധാരണ തെരുവിൽ നിന്നും ലഭിക്കുമ്പോൾ അത് ശുദ്ധ അബദ്ധമാണെന്നു കുട്ടികൾ അവരുടെ അനുഭവ പശ്ചാത്തലത്തിൽ പറയുവാൻ ഇടയാകേണം. ഇന്ന് പലവിധ കാരണങ്ങളാൽ ശിഥിലമായികൊണ്ടിരിക്കുന്ന മൂല്യാവബോധവുംകൂടി സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. വീട്ടിലുള്ള സാധാന സാമഗ്രികളെക്കാൾ പ്രാധാന്യം എപ്പോഴും അവിടെയുള്ള, വ്യക്തികൾക്ക് നൽകേണ്ടതാണ്. ഓരോ വ്യക്തിയെയും കരുതുവാൻ സഹായകരമാകുന്ന മൂല്യാഭ്യസനം കുടുംബത്തിൽ നൽകുവാൻ കഴിയും.

## സ്നേഹസ്വാധീനം

യഥാർത്ഥ സ്നേഹം എപ്പോഴും മറ്റുള്ളവർക്ക് ഏതെങ്കിലും വിധത്തിൽ നന്മയുണ്ടാകേണം എന്ന് ഉള്ളിൽ മന്ത്രിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരെ താറടിക്കാതെ മാന്യതയോടും ബഹുമാനത്തോടുംകൂടി വീക്ഷിക്കുന്നു. ഒരുപക്ഷേ ഒരാൾ ചെയ്യുന്ന പ്രവൃത്തികളോടു നമുക്ക് യോജിക്കുവാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ ആ വ്യക്തിയെ സ്നേഹിക്കുന്നതിന് അയാളുടെ പ്രവൃത്തി തടസ്സം നിൽക്കുവാൻ പാടില്ല. അദ്ദേഹം ചെയ്യുന്ന പ്രവർത്തിയിൽ നിന്നും വേർപെടുത്തി മാന്യതയുള്ള മനുഷ്യനായി തന്നെ അദ്ദേഹത്തെ കാണുക. ആളുകൾ ചെയ്യുന്ന പ്രവർത്തനങ്ങളെ വിലയിരുത്തിയാണല്ലോ നാം അവരെ വിധിക്കുന്നത്. തെറ്റു ചെയ്ത ആളെന്നു വിധിക്കുകയും അത് തെളിയിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതിലൂടെ അങ്ങനെയുള്ളവരെ മോശക്കാരെന്നു മറ്റുള്ളവരും കണക്കാക്കുന്നതിന് പരസ്യമായി വിധിക്കുകയാണ്. എന്നാൽ അങ്ങനെയുള്ളവരെ യഥാസ്ഥാനപ്പെടുത്തുന്നതിനും നല്ലവരാക്കി തീർക്കുന്നതിനും വേണ്ടി അവരുടെ നിലവാരം അറിഞ്ഞുവയ്ക്കുന്നതു സഹായകരമാണ്. ദുഷ്പ്രവർത്തികൾ കൊണ്ടു നിറഞ്ഞ ഒരു മനുഷ്യനെ പ്രസ്തുത ദുഷ്പ്രവർത്തി അവഗണിച്ചുകൊണ്ട് നല്ലവനാണെന്നു പറയുന്നതിൽ അർത്ഥമില്ല. അദ്ദേഹത്തിന്റെ ദുഷ്പ്രവർത്തികളെ പ്രസിദ്ധീകരിച്ച് വിധി കല്പിക്കുന്നതിലും പ്രധാനമായിട്ടുള്ളത് അയാളുടെ നിലവാരം മനസിലാക്കി നല്ല ആളാക്കി തീർക്കുവാൻ വേണ്ട രീതികൾ അവലംബിക്കുക എന്നുള്ളതാകുന്നു.

ആരെയെങ്കിലും വിധിക്കുന്ന വേളയിൽ അവരെക്കുറിച്ചു കേട്ടതായ അപവാദങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് അതിന്റെ നിജസ്ഥിതി മനസിലാക്കാതെയാണ് ചെയ്യുന്നത്. അദ്ദേഹത്തെ നല്ല മനുഷ്യനാക്കി തീർക്കുന്ന ആഗ്രഹമാണോ അതോ വിധി കല്പിച്ചു കുറ്റക്കാരനെന്ന് മുദ്രയടിക്കാനുള്ള ആഗ്രഹമാണോ നമ്മിൽ ഉള്ളതെന്നു കണ്ടുപിടിക്കുന്നത് നല്ലതായിരിക്കും. അയാളുടെ തെറ്റുകളെയും ദുഷ്പ്രവർത്തികളെയും കുറിച്ച് ഓർക്കുമ്പോൾ നമ്മുടെ കുറവുകളും അപാകതകളും വളരെ നിസ്സാരമാണെന്ന നിഗമനത്തിൽ എത്തുകയാണെങ്കിൽ നാം അയാളെ കുറ്റക്കാരനാക്കി വിധിക്കുകയാണ്. അയാളുമായി താരതമ്യപ്പെടുത്തുമ്പോൾ നാം വളരെ നല്ലവരെന്നു കണ്ടുപിടിക്കുന്നതും വിധിക്കുന്ന മനോഭാവത്തിലാണ്. എന്തുതന്നെയായാലും കുറ്റംചെയ്ത അയാൾക്കു നല്ല ശിക്ഷ ലഭിക്കേണമെന്ന ചിന്തയാണ് നിങ്ങളുടെ ഉള്ളിൽ എങ്കിൽ എവിടെയും അയാളെ തകർക്കുക എന്നതാണ് ലക്ഷ്യം. മറ്റുള്ളവരോട് അയാളുടെ അപാകതകളെക്കുറിച്ചും ചെയ്തികളെക്കുറിച്ചും പറഞ്ഞുപരത്തുവാൻ വ്യഗ്രത പുലർത്തുന്നെങ്കിൽ നാം വീണ്ടും വിധിച്ചുതള്ളുകയാണ്. അതുപോലെ അപ്രകാരമുള്ള ദുഷ്പ്രവർത്തികൾ അദ്ദേഹം പണ്ടുകാലത്തു ചെയ്തവയൊക്കെ പറഞ്ഞുപരത്തുവാൻ വ്യഗ്രത പുലർത്തുന്നെങ്കിൽ നാം വീണ്ടും വിധിച്ചു തള്ളുകയാണ്. അതുപോലെ അപ്രകാരമുള്ള ദുഷ്പ്രവർത്തികൾ അദ്ദേഹം പണ്ടുകാലത്തു ചെയ്തവയൊക്കെ ചികഞ്ഞു പെറുക്കുവാൻ നാം വ്യഗ്രത പുലർത്തുന്നെങ്കിൽ വിധിക്കുന്നതിനു കൂടുതൽ തെളിവുകൾ കണ്ടുപിടിക്കുകയാണ്. നിങ്ങൾക്കെതിരായ് അയാൾ ചെയ്തതിനെ ഉള്ളിൽ നിന്നും ക്ഷമിച്ചുകൊടുക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ വിധിച്ച് ശിക്ഷിക്കുവാനാണ് ഉൾപ്രേരണ.

**സ്നേഹിക്കുവകാൻ തീരുമാനിക്കുകയും പ്രയാസമുള്ള ആളിനെപ്പോലും നമ്മുടെ മനോഭാവത്തിലും ചിന്തയിലും ആഗ്രഹത്തിലും പിച്ചിച്ചീന്താതെ അവരുടെമേൽ സ്വഭാവ മഹിമ വർദ്ധിപ്പിക്കുന്ന പണികൾ ചെയ്യുവാൻ കഴിയുന്നത് നമുക്ക് ഏതുവിധ മൂല്യാവബോധമാണെന്നതിൽ നിന്നാണ്.**

ഇപ്പോൾ പ്രസ്തുത ദുഷ്പ്രവർത്തികൾ ചെയ്ത വ്യക്തി ദുഷ്പേരിന് അർഹനെങ്കിലും നമ്മുടെയോ മറ്റുള്ളവരുടെയോ പ്രാർത്ഥനയും ഇടപെടലും മൂലം ഒരു നല്ല മനുഷ്യനായി തീരുവാൻ ഇടവരുന്നതിനുള്ള സാധ്യത തള്ളിക്കളയുവാൻ കഴിയുകയില്ല. ഭാവിയിൽ അയാൾ ഒരു നല്ല മനുഷ്യനായി തീരേണമെന്നായിരിക്കാം ദൈവവും ആഗ്രഹിക്കുന്നത്. അങ്ങനെയെങ്കിൽ അയാൾ ഇപ്പോൾ ആയിരിക്കുന്ന നില മോശപ്പെട്ട സ്വഭാവത്തോടു കൂടിയതെങ്കിലും അയാളെ കുറിച്ചോർക്കുമ്പോൾ ഭാവിയിൽ അദ്ദേഹം ആയിത്തീരുവാൻ പോകുന്ന നല്ല മനുഷ്യനെ ഇപ്പോഴെ വിശ്വാസ നയനങ്ങളാൽ കാണുക. അതോടുകൂടി മേന്മയേറിയ സ്വഭാവഗുണമുള്ള ആളത്വത്തിന്റെ ഉടമയായ വ്യക്തിയെയാണ് നാം വീക്ഷിക്കുന്നത്. നമുക്ക് സ്നേഹിക്കുവാൻ ഏറ്റവും നല്ല ഒരു മനുഷ്യനായ് അദ്ദേഹവും തീർന്നിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ നന്മയെ ഉന്നം വച്ചുകൊണ്ട് നമ്മുടെ ഉള്ളിന്റെയുള്ളിൽ നിന്നും സ്നേഹിക്കുവാൻ തീരുമാനിക്കുകയും ചെയ്താൽ ശുഭമായി. അപ്രകാരം സ്നേഹിക്കുവാൻ തീരുമാനിക്കുകയും പ്രയാസമുള്ള ആളിനെപ്പോലും നമ്മുടെ മനോഭാവത്തിലും ചിന്തയിലും ആഗ്രഹത്തിലും പിച്ചിച്ചീന്താതെ അവരുടെമേൽ സ്വഭാവ മഹിമ വർദ്ധിപ്പിക്കുന്ന പണികൾ ചെയ്യുവാൻ കഴിയുന്നത് നമുക്ക് ഏതുവിധ മൂല്യാവബോധമാണെന്നതിൽ നിന്നാണ്. സ്നേഹമെന്ന മൂല്യം ആളത്വത്തെ മുഴുവൻ സ്വാധീനിക്കുന്നതാകയാൽ പ്രതികാര ചിന്തയ്ക്കു സ്ഥാനം നൽകാതെ പ്രതിയോഗിയെപ്പോലും നല്ല മനുഷ്യനാക്കി തീർക്കുന്നതിന് പ്രേരണ നൽകുന്നു. •

# സ്നാനത്തെക്കുറിച്ച് പുസ്തകമെഴുതിയ സഭാ നേതാവിനെ വീട്ടുമുറ്റത്തു സംസ്കരിച്ചു

## മൃതദേഹത്തോട് അനാദരവ് കാണിച്ചതിനെതിരെ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുമെന്ന് കുടുംബാംഗങ്ങൾ

തൊടുപുഴ: മേലുകാവ് ഹെൻട്രി ബേക്കർ കോളേജിലെ ചരിത്രാധ്യാപകനും എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവുമായിരുന്ന പ്രൊഫ. സി.സി. ജേക്കബിന്റെ (64) മൃതദേഹം സി.എസ്.ഐ. എള്ളുമ്പുറം ദേവാലയ കുടുംബക്കല്ലറയിൽ സംസ്കരിക്കാൻ അനുമതി നിഷേധി ച്ചതിനെത്തുടർന്ന് വീട്ടുമുറ്റത്ത് അടക്കി. പ്രൊഫ. സി.സി. ജേക്കബ് സി.എസ്.ഐ. ഈസ്റ്റ് കേരള മഹാ ഇടവക രൂപീകരണ കമ്മറ്റി കൺവീനറും പ്രഥമ അല്മായ സെക്രട്ടറിയുമായിരുന്നു. ജലസ്നാനം ഒരു പഠനം എന്ന അദ്ദേഹത്തിന്റെ പുസ്തകം സഭാ നേതാക്കളിൽ അസ്വസ്ഥത സൃഷ്ടിച്ചിരുന്നു. മൃതദേഹത്തോട് അനാദരവ് കാണിച്ചതിനെതിരെ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുമെന്ന് കുടുംബാംഗങ്ങൾ പറഞ്ഞു.

യേശുക്രിസ്തുവിനെ ദൈവവും കർത്താവുമായി അംഗീകരിക്കുന്നവർ, യേശു കല്പിച്ചിട്ടുള്ള ജലസ്നാനത്തെ അംഗീകരിക്കുവാൻ ബാധ്യസ്ഥരാണ്. അതും ക്രിസ്തുതന്നെ ഉത്തമമാതൃകയായി മുപ്പതാം വയസ്സിൽ സ്നാനമേറ്റു. യിസ്രായേലിനു വെളിപ്പെടുത്താനാണ് അങ്ങനെ ചെയ്തത്. എങ്കിൽ ഞാനും നിങ്ങളും ലോകത്തിന് ദൈവമക്കളാണെന്ന് വെളിപ്പെടുത്താൻ ജലസ്നാനം ആവശ്യമാണ്. അകമെയുള്ള വിശ്വാസം ഏറ്റുപറയാനും അതു ലോകത്തിന് സാക്ഷ്യപ്പെടുത്തുവാനും പ്രായമുള്ള ഒരു വിശ്വാസിക്കാണ് ജലസ്നാനം നൽകേണ്ടത്.

പ്രൊഫ. ജേക്കബ് തന്റെ നിലപാട് സ്നാനത്തെ കുറിച്ചുള്ള പുസ്തകത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്: പുസ്തകം വിവാദമായതിനെത്തുടർന്ന് ബിഷപ്പ് അദ്ദേഹത്തെ സഭയിൽ നിന്നും പുറത്താക്കിയിരുന്നു. നടപടി കോടതിയിൽ ചോദ്യം ചെയ്യുകയും ഈരാറ്റുപേട്ട മുൻസിഫ് കോടതി അംഗത്വം സ്ഥാപിച്ചു നൽകാൻ ഉത്തരവിടുകയും ചെയ്തു. പിന്നീട് മഹായിടവക എക്സിക്യൂട്ടീവ് കമ്മറ്റി ജേക്കബിനെ തിരിച്ചെടുക്കുവാൻ നിർദ്ദേശിച്ചത്രെ. ഇതിന് മാസങ്ങൾക്കു മുമ്പ് പ്രൊഫ. ജേക്കബ് എള്ളുമ്പുറം ഇടവക വികാരിക്കും ബിഷപ്പിനും അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്രൊഫ. ജേക്കബ് നിര്യാതനായതോടെ മൃതദേഹം പള്ളിവക സെമിത്തേരിയിൽ അടക്കം ചെയ്യാൻ കഴിയില്ല എന്ന നിലപാടാണുണ്ടായതെന്നു ബന്ധുക്കൾ പറയുന്നു. ക്രിസ്ത്യൻ റിവൈവൽ മൂവ്മെന്റ്, സേവ് ഇന്ത്യാ പ്രെയർ ഫെലോഷിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകിയിരുന്ന പ്രൊഫ. ജേക്കബിന്റെ സംസ്കാരത്തിൽ നൂറുകണക്കിനാളുകൾ പങ്കെടുത്തു.

# ജപ്പാൻ ഉണർത്തപ്പെട്ടു തുടങ്ങി



ജപ്പാൻ (ക്വോട്ടോ): ദ എം പവേർഡ് 21 എന്ന പേരിൽ ക്വോട്ടോ ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ നടന്ന യോഗങ്ങളിൽ പങ്കെടുത്ത ജനസാന്നിധ്യം ജപ്പാനിലെ ചരിത്ര സംഭവമായി മാറിയിരിക്കുന്നു. നാലു ദിവസം തുടർമാനമായി നടന്ന ആരാധനയിലും പ്രാർത്ഥനയിലും വചനപഠനത്തിലും അയ്യായിരത്തിൽ അധികം വരുന്ന ആളുകളാണ് പങ്കെടുത്തത്. റോക്ക് ചർച്ചിന്റെ സീനിയർ പാസ്റ്ററും റോക്ക് മിനിസ്റ്റീരിയർ ഫെലോഷിപ്പിന്റെ പ്രിസൈഡിംഗ് ബിഷപ്പുമായ അന്നേ ഗിമൻസ് (81) പറഞ്ഞത് ഇത് ജപ്പാന്റെ ഉണർവ്വ് കാലമാണ് എന്നാണ്.

എംപവേർഡ് 21 ജപ്പാനിലെ ക്രൈസ്തവർക്ക് ഒരു സന്തോഷ മുഹൂർത്തവും പെന്തെക്കോസ്തിന്റെ മൂന്നാം തലമുറയ്ക്ക് ഇതൊരു സ്വർഗ്ഗീയ വിരുന്നുമായാണ് അനുഭവപ്പെട്ടത്. ഹീലിങ് മിനിസ്ട്രിയുടെ ലീഡറും 200,000 വിശ്വാസികളുടെ പാസ്റ്ററുമായ ഇന്തോന്യേഷ്യയിലെ പാസ്റ്റർ നിക്കോ ജോട്രോ ഹർജോ ഡോആണ് ഈ കോൺഫറൻസിന്റെ ചെയർമാൻ. സമാപന സമ്മേളനത്തിൽ നിക്കോ ജോട്രോയും സിംഗപ്പൂർ ഫെയ്ത്ത് കമ്മ്യൂണിറ്റി ബാപ്റ്റിസ്റ്റ് ചർച്ചിന്റെ സീനിയർ പാസ്റ്ററും എംപവേർഡ് 21 ന്റെ സഹചെയർമാനുമായ പാസ്റ്റർ ലോറൻസ് കോങ്ക് ചെയ്ത പ്രസംഗം ജപ്പാനിലെ സുവിശേഷകരെയും പാസ്റ്റർമാരെയും ഇളക്കിമറിച്ചു.

മാറ്റങ്ങൾക്കും ഉണർവ്വിനും വേണ്ടി ജപ്പാനെ തിരിച്ചു വിളിക്കുക എന്നതായിരുന്നു കോൺഫറൻ സിന്റെ മുഖ്യ ചിന്താവിഷയം. 2011 ലെ സുനാമി ദുരന്തത്തിന്റെ ദുരിതം പേറുന്ന ജപ്പാൻകാർക്കും ഫുക്കുഷ്മ ന്യൂക്ലിയർ പവർപ്ലാന്റുമായി ബന്ധപ്പെട്ട് ആശങ്കയിൽ ജീവിക്കുന്ന ജനങ്ങൾക്ക് ദൈവിക പ്രത്യാശയുടെ പുതിയ തിരിനാളങ്ങൾ പകർന്നു നൽകിയ ഒരു യോഗമായിരുന്നു ഇത്.

സ്വന്തം കുടുംബത്തിനും സഭകൾക്കും കുടുംബ ആവശ്യങ്ങൾക്കും വേണ്ടി മാത്രം പ്രാർത്ഥിക്കുവാൻ ശീലിച്ച ജപ്പാനിലെ സുവിശേഷകരെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഈ കോൺഫറൻസ് പ്രേരണ നൽകി. കോൺഫറൻസ് കഴിഞ്ഞുള്ള മടക്കയാത്രയിൽ സഹയാത്രികരോടും വഴിയാത്രക്കാരോടും സുവിശേഷം മാത്രം പങ്കുവയ്ക്കുകയും ഇതേ തുടർന്ന് വാഹനങ്ങളിലും വഴികളിലും പൊതുസ്ഥലങ്ങളിലും ജനം യേശുക്രിസ്തുവിനെ പരസ്യമായി രക്ഷിതാവായി സ്വീകരിക്കുന്ന അത്ഭുത കാഴ്ചകൾ സംഭവിച്ചു എന്ന് എംപവേർഡ് 21ന്റെ ചെയർമാന്മാരിൽ ഒരാളായ പാസ്റ്റർ അക്കിഹിരോ മിസിനോ സാക്ഷ്യപ്പെടുത്തി.

ജപ്പാനിലെ ക്രിസ്തീയ ചരിത്രത്തിൽ വേറിട്ട് അടയാളപ്പെടുത്തിയ ഒരു മീറ്റിംഗായിരുന്നു ഇതെന്നും ഈ മീറ്റിംഗുകളിലൂടെ താൻ ഏറെ ഉത്തേജിപ്പിക്കപ്പെട്ടുവെന്നും പരിശുദ്ധാത്മാവിന്റെ ശക്തിക്കുവേണ്ടി ആത്മാർത്ഥമായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന ജപ്പാനിലെ ക്രൈസ്തവർ മുഖാന്തരം രാജ്യംതന്നെ ഉണർത്തപ്പെടുമെന്നും ഓറൽ റോബർട്ട് യുണിവേഴ്സിറ്റി പ്രസിഡന്റ് വില്യം എം. വിൽസൺ അഭിപ്രായപ്പെട്ടു.

## ഒടുവിൽ ദൈവം ഉണ്ടെന്ന് ശാസ്ത്രജ്ഞരും

ജർമ്മൻ (ബർലിൻ): തിയോളജിയന്മാർക്കും തത്വചിന്തകർക്കും ആഗോള ക്രൈസ്തവർക്കും ഏറെ സന്തോഷം നൽകുന്ന വാർത്ത. ബെർലിൻ ഫ്രീ യുണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞൻ ഡോ. ക്രസ്റ്റോപ് ബൻസ് മുള്ളറും വിയന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞൻ ഡോ. ബ്രൂണോ വോൾറ്റ്സ്നലോജെൻ എന്നിവരാണ് ഗണിത ശാസ്ത്രജ്ഞനായിരുന്ന കുർട്ട് ഗോഡെലിന്റെ വാദത്തെ സാധൂകരിക്കുന്ന വാദവുമായ് രംഗത്ത് എത്തിയിരിക്കുന്നത്. 1978 ൽ നിര്യാതനായ ഡെർ സ്പിജിയൻ എന്ന ശാസ്ത്രജ്ഞനെ ആധുനിക ശാസ്ത്രജ്ഞർ ഏറെ ബഹുമാനിക്കുന്നവരാണ്. റ്റാൻലൈൻസിംഗ് തിയറിയുടെ തത്വമനുസരിച്ച് ദൈവത്തിന്റെ ആസ്ഥിത്വത്തെ സ്വീകരിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. വളരെ സങ്കീർണ്ണമായ ഈ വാദമുഖത്തിന്റെ സ്ഥിരീകരണത്തിനായി കംപ്യൂട്ടർ ഫോർമലൈയിസ് നിയമമാണ് ബെൻസ് മുള്ളറും വോൾറ്റ്സ്റ്റലോജെലും ഉപയോഗിച്ചത്.

## വിവാഹവേദിയിലും ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു

ഈജിപ്ത്: മുഹമ്മദ് മോർസ്സി പ്രസിഡന്റായി അവരോധിക്കപ്പെട്ട ശേഷം ഈജിപ്തിൽ ക്രൈസ്തവർക്കെതിരെയുള്ള പീഡനകഥകൾ അനുദിനം വർദ്ധിച്ച് വരികയാണ്. ഗാസ സിറ്റിയിൽ വിവാഹം നടന്നുകൊണ്ടിരുന്ന ഒരു ചർച്ചിലാണ് തീവ്രവാദി ആക്രമണം നടത്തിയത്. കാമിലിയ അറ്റിയ (56) വിവാഹ വരന്റെ മാതാവ് ഉൾപ്പെടെ മറിയം അഷറഫ് (8), മറിയം നാബിൽ (12) എന്ന കുട്ടികളടക്കം ആണ് കൊല്ലപ്പെട്ടത്.

മുഖംമൂടി ധരിച്ച് തോക്കുമായി വന്ന ആക്രമി കോപ്റ്റിക് ഓർത്തഡോക്സ് ചർച്ചിലെത്തി ഞായറാഴ്ചയാണ് വെടിയുതിർത്തത്. 18 പേർക്കോളം മാരകമായ പരുക്കുമേറ്റു. ഇതുവരെയും ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും തന്നെ ഏറ്റെടുത്തിട്ടില്ല. സംഭവത്തെ അവലംബിച്ച പ്രധാനമന്ത്രി ഹസേം എൽ തയേദ് ഇത് ഒരുകൂട്ടം ക്രിമിനലുകളുടെ വിളയാട്ടം ആണെന്നും വിലയിരുത്തി.

# ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ**



റവ. ദാനിയേൽ മാത്യു



പാസ്റ്റർ റോയി ദാനിയേൽ മാത്യു



റവ. വത്സൻ എബ്രഹാം

കുന്നന്താനം: മധ്യതിരുവിതാംകൂറിലെ പ്രമുഖ പെന്തെക്കോസ്ത് കൺവൻഷനുകളിലൊന്നായ ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് 4-ാമത് ജനറൽ കൺവൻഷൻ 2014 ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ കുന്നന്താനം പാമല ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ഫെയ്ത്ത് ലീഡേഴ്സ് ജനറൽ പ്രസിഡന്റ് റവ. ദാനിയേൽ മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ റോയി ദാനിയേൽ മാത്യു (ജനറൽ സെക്രട്ടറി), റവ. വത്സൻ ഏബ്രഹാം തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കും. പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസ്, ഫ്ളാഗ് & സൺഡേസ്കൂൾ വാർഷിക സമ്മേളനം, ഫെയ്ത്ത് വുമൺസ് വാർഷിക സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, സ്നാനശുശ്രൂഷ, കർത്തൃമേശ, സംയുക്ത സഭായോഗം എന്നിവ കൺവൻഷനിൽ നടത്തപ്പെടും. പാസ്റ്റർ റോയി ദാനിയേൽ മാത്യു ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ സജി ചാത്തങ്കരി (പ്രെയർ), സുവി. ചാർളി ജോൺ (പബ്ലിസിറ്റി), ബ്രദർ രൂഫസ് ഏബ്രഹാം, പാസ്റ്റർ പോൾ കൃഷ്ണൻകുട്ടി, പാസ്റ്റർ പോൾസൺ, പാസ്റ്റർ സന്തോഷ് സൈമൺ, പാസ്റ്റർ ജോസ്. സി. ജോസഫ് (ഫുഡ്), പാസ്റ്റർ ജോസഫ് മാത്യു (വോളന്റിയേഴ്സ്), പാസ്റ്റർ പി.ജി വർഗ്ഗീസ് (ട്രാൻസ്പോർട്ടേഷൻ), ഇവാ. പാപ്പച്ചൻ (പന്തൽ), ഇവ. റജി ദാനിയേൽ മാത്യു (സൗണ്ട്), പാസ്റ്റർ വി.വി ചാക്കോ (റിസപ്ഷൻ), പാസ്റ്റർ മാത്യു ഏബ്രഹാം (സ്റ്റേജ്), പാസ്റ്റർ സജി പരുത്തുംപാറ (ലൈറ്റ്), പാസ്റ്റർ അനീഷ് ഉലഹന്നാൻ (മ്യൂസിക്), പാസ്റ്റർ റെൻജി .ഡി. ബ്ലസ്സൻ (ഫിനാൻസ്), പാസ്റ്റർ പി.റ്റി തോമസ് (വിജിലൻസ്), പാസ്റ്റർ സാം അലക്സ്, പാസ്റ്റർ എം. എ ജോൺ, പാസ്റ്റർ ഷിബു ബഞ്ചമിൻ (ഓഫീസ്), പാസ്റ്റർ ജോൺ ഗമാലിയേൽ, പാസ്റ്റർ ജിജി (രജിസ്ട്രേഷൻ), പാസ്റ്റർ മനോജ് വർഗ്ഗീസ്, പാസ്റ്റർ ജയൻ ഇ.ജെ (പാർക്കിംഗ്), പാസ്റ്റർ പി. ജോൺസൺ (സെക്യൂരിറ്റി), പാസ്റ്റർ തമ്പി പത്രോസ് (അറേജ്മെന്റ്സ്), ബ്രദർ സന്തോഷ് ജോസഫ്, ബ്രദർ സജി മേത്താനം, പാസ്റ്റർ അജയ് ജേക്കബ് (പ്രസ്സ്) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു. ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് അന്തർദേശീയ സംഗീത വിഭാഗമായ മിസ്മോർ ഹാർമണിക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## സംസ്ഥാന പി. വൈ. പി.എ. താലന്ത് പരിശോധന ഡിസംബർ 7 ന്

കുമ്പനാട്: സംസ്ഥാന പി. വൈ. പി.എ. താലന്ത് പരിശോധന ഡിസംബർ 7 ന് രാവിലെ 8 ന് തിരുവല്ല ശാരോൻ ആഡിറ്റോറിയത്തിൽ വച്ച് നടക്കും. പാസ്റ്റർ സാബു ചാപ്രത്തിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന പി. വൈ. പി. എ. പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ ഉത്ഘാടനം ചെയ്യും. ജൂനിയേഴ്സ്, ഇന്റർമീഡിയേറ്റ്, സീനിയേഴ്സ്, സൂപ്പർ സീനിയേഴ്സ്, പൊതുമത്സരങ്ങൾ എന്നീ വിഭാഗത്തിൽ മത്സരങ്ങൾ നടക്കും. റവന്യു മേഖലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് സംസ്ഥാന താലന്ത് പരിശോധനയിൽ പങ്കെടുക്കാം. പ്രാദേശിക തലങ്ങളിൽ സെപ്റ്റംബർ 30-ന് മുൻപും ഡിസ്ട്രിക്റ്റ് തലങ്ങളിൽ ഒക്ടോബർ 31-ന് മുൻപും സോണൽ തലങ്ങളിൽ നവംബർ 20-ന് മുൻപും കൃത്യമായും നടത്തിയിരിക്കേണ്ടതാണ്. സംസ്ഥാന പി.വൈ.പി.എ യുടെ നിബന്ധനകൾ അടങ്ങുന്ന സർക്കുലർ പ്രകാരമായിരിക്കണം പ്രാദേശിക സെന്റർ സോണൽ തലങ്ങളിൽ താലന്ത് പരിശോധന സംഘടിപ്പിക്കേണ്ടത്. മെമ്പർഷിപ്പ് ഫോമിൽ ഫോട്ടോ പതിച്ച് നൽകിയവർക്ക് മാത്രമേ ഈ വർഷത്തെ താലന്ത് പരിശോധനയിൽ പങ്കെടുക്കാൻ അനുവാദമുള്ളു എന്നാൽ ഐ ഡി കാർഡിന് അപേക്ഷ നൽകിയിട്ട് കാർഡ് ലഭിക്കാത്തവർക്ക് ഈ വർഷം താലന്ത് പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. താലന്ത് പരിശോധന കുറ്റമറ്റ നിലയിൽ നടത്തേണ്ടതിന് സുവി.ജോർജ്ജ് തോമസിന്റെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9846747534

Disclaimer: The views expressed in the articles are those of the writers.
The magazine will not bear any responsibility for them.
Some of the images used in this magazine have been downloaded from websites.
We acknowledge that the copyright of those images
remain with the original owners, and The Soul Winner does not intend to use
those for commercial purposes and does not claim any rights for them.

# വായിച്ചു വളരുക





ജെ. സി. ദേവ്

**ലോകത്തിൽ എവിടെയെല്ലാം മിഷനറി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ അവിടെയെല്ലാം സുവിശേഷത്തോടൊപ്പം ഭാഷയും സാഹിത്യവും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഭാഷയ്ക്ക് ലിപി, വ്യാകരണം തുടങ്ങിയവ രൂപം കൊണ്ടു. അച്ചടി, പത്രപ്രവർത്തനം, ആനുകാലികങ്ങൾ, വിവിധ സാഹിത്യ ശാഖകൾ, ഭാഷാ ശാസ്ത്രങ്ങൾ എന്നിവയ്ക്ക് തുടക്കം കുറിച്ചു. ഈ മേഖലകളിൽ ക്രൈസ്തവ മിഷണറിമാർ ചെയ്ത സേവനങ്ങൾ മഹത്തായതാണ്. അർണോസ് പാതിരി, ബെഞ്ചമിൻ ബെയ്‌ലി, ഹെർമ്മൻ ഗുണ്ടർട്ട് തുടങ്ങിയ മഹാന്മാരെ മലയാള ഭാഷയ്ക്ക് വിസ്മരിക്കാനാവില്ല.**

താങ്കളുടെ സഭയിൽ ഒരു ചർച്ച് ലൈബ്രറി രൂപീകരിക്കുന്നതിന് എന്തെങ്കിലും സാദ്ധ്യതകൾ ഉണ്ടോ? ഇക്കാര്യത്തിൽ താങ്കൾക്ക് എന്ത് ചെയ്യുവാൻ സാധിക്കും? സഭയിൽ ഒരു ചർച്ച് ലൈബ്രറി രൂപീകരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം? വളരണം എന്ന് ആഗ്രഹിക്കുന്നവർ വായിക്കുവാൻ സമയവും കണ്ടെത്തും എന്നാണ് ലുസില്ലെ ഹാർപ്പർ പറഞ്ഞത്. പി.ബി. ഷെല്ലിയുടെ വാക്കുകൾ ശ്രദ്ധിക്കുക: 'വായിക്കുന്തോറും നമ്മുടെ അജ്ഞത നമുക്ക് ബോദ്ധ്യപ്പെടും' വായനയിൽ ചിലവഴിച്ച സമയം നാളെക്കുള്ള സമ്പാദ്യമാണെന്ന് സി.എൻ. സ്ട്രെയിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊസ്തലനായ പൗലോസ് തിമൊഥെയോസിന് നൽകുന്ന നിർദ്ദേശം ശ്രദ്ധിക്കുക: 'ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കുക' (1 തിമൊ. 4:13). വായനയുടെ അനിവാര്യത പൗലോസ് അംഗീ കരിക്കുന്നു. ആത്മീയ ശുശ്രൂഷയിൽ മുന്നേറേണ്ട തന്റെ ശിഷ്യൻ തിമൊഥെയോസ് വായനയിൽ ശ്രദ്ധിക്കണം എന്നാണ് പൗലോസിന്റെ നിർദ്ദേശം.

പൗലൊസ് ശ്രദ്ധയുള്ള ഒരു വായനക്കാരനായിരുന്നു എന്ന് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും ലേഖനങ്ങളും ശ്രദ്ധിക്കുന്നവർക്ക് ബോദ്ധ്യമാകും. പൗലോസിന് സ്വന്തമെന്ന് പറയാവുന്ന ഭൗതിക സമ്പത്ത് അദ്ദേഹത്തിന്റെ പുസ്തക ശേഖരമായിരുന്നു. 'ഞാൻ ത്രോവാസിൽ കർപ്പോസിന്റെ പക്കൽ വെച്ചേച്ചുപോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മ ലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവരുക' (2തിമൊ. 4:13). യഹൂദാ മതഗ്രന്ഥങ്ങൾ കമ്പോട് കമ്പ് മനഃപാഠമാക്കിയ പൗലോസ് റോമൻ നിയമവും വശമാക്കിയിരുന്നു. യവന സംസ്ക്കാരവും സാഹിത്യവും അദ്ദേഹത്തിനറിയാം. അറിവിന്റെ വ്യത്യസ്ത തലങ്ങളുമായി ബന്ധമുള്ള അദ്ദേഹം ആത്മീയ പ്രഭാഷണങ്ങളിലും ക്രൈസ്തവ രചനകളിലും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു.

പ്രസിദ്ധമായ അരയോപക കുന്നിലെ പ്രസംഗത്തിൽ പൗലോസ് ഗ്രീക്ക് കവികളായ എപ്പിമെനിഡിസിന്റെ യും അരത്തോസിന്റെയും വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്: 'അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്' (എപ്പിമെനിഡിസ്, സൈപ്രസ്, ബി.സി.6-ാം നൂറ്റാണ്ട്; അപ്പൊ.17:28). 'നാം അവന്റെ സന്താനമല്ലോ' (അരേത്തോസ്, അപ്പൊ.17: 28). പുസ്തകങ്ങളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത പൗലോസ് ക്രൈസ്തവരിൽ വായനാശീലവും സാഹിത്യ ബന്ധവും ഉണ്ടാകണമെന്ന് ആഗ്രഹിച്ച ആത്മീയ നേതാവു കൂടെയായിരുന്നു.

ഭാഷയേയും സാഹിത്യത്തേയും ക്രൈസ്തവമെന്നും ഹൈന്ദവമെന്നും ഇസ്ലാമികമെന്നും വിഭജിക്കാനാവില്ല. മനുഷ്യ സമൂഹത്തിന്റെ പൊതു സ്വത്താണ് ഭാഷയും സാഹിത്യവും. അപ്പോൾത്തന്നെ ക്രൈസ്തവ ആഭിമുഖ്യമുള്ള ക്രൈസ്തവ പ്രമേയങ്ങൾക്ക് പ്രാധാന്യം നൽകുന്ന സാഹിത്യങ്ങൾ 'ക്രൈസ്തവ സാഹിത്യം' എന്ന വിഭാഗത്തിൽ ഉൾപ്പെടും. ഇങ്ങനെ ഓരോ മതവിഭാഗത്തിനും സാഹിത്യവും സാഹിത്യപ്രവർത്തനവും ഉണ്ട്. അതിനെ വിമർശിച്ചിട്ടോ ചോദ്യം ചെയ്തിട്ടോ കാര്യമില്ല. ഗാന്ധിയൻ സാഹിത്യം, മാർക്സിയൻ സാഹിത്യം, മാപ്പിള സാഹിത്യം, ദളിത് സാഹിത്യം, വിവേകാനന്ദ സാഹിതി തുടങ്ങി 'പെണ്ണെഴുത്ത്' വരെ വിഭാഗീയതകൾ വേറെയും ഉണ്ട്. ഇവയെല്ലാം സമൂഹത്തിന്റെ ഭാഗമായി മാറുകയും നിലനിൽക്കുകയും ചെയ്യുന്നു. അപ്പൊസ്തലനായ പൗലോസിന്റെ സ്വാധീനം കൊണ്ടായിരിക്കണം ക്രൈസ്തവ സഭയ്ക്ക് ഭാഷയോടും സാഹിത്യത്തോടും പുസ്തകത്തോടും പ്രത്യേക ആഭിമുഖ്യം ഉണ്ടായത്. ബൈബിളിനെ വിശ്വസാഹിത്യം എന്ന് സാഹിത്യ നിരൂപകന്മാർ ആദരപൂർവ്വം വിശേഷിപ്പിക്കുന്നുണ്ട്. അപ്പോൾത്തന്നെ ബൈബിൾ ദൈവശ്വാസീയമായ തിരുവെഴുത്താണ് (2തിമൊ. 3:14-16). നിരവധി വിശ്വസാഹിത്യങ്ങൾക്ക് മാതാവായി ബൈബിൾ തീർന്നിട്ടുണ്ട്. ജോൺ മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്, ദാന്തേയുടെ ഡിവൈൻ കോമഡി, വിക്ടർ യൂഗോയുടെ പാവങ്ങൾ, ജനറൽ ലൂവാലസിന്റെ ബെൻഹർ തുടങ്ങി നിരവധി കൃതികൾ ഉദാഹരണങ്ങളാണ്. ബൈബിളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് സാഹിത്യ രചന നടത്തിയ പലരും വിശ്വസാഹിത്യ കാരന്മാരായി തീർന്നിട്ടുണ്ട്. ഷെയ്ക്സ്പിയർ, റസീൻ, ദസ്തയാവ്സ്കി, ഗെയ്ഥേ, പാസ്ക്കൽ, സ്പെൻസർ, വേഡ്സ്വർത്ത്, ഷെല്ലി, മെക്കാളെ തുടങ്ങിയവർ അവരിൽ ചിലരാണ്.

ബൈബിളിൽ 66 ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. ഒരു സാഹിത്യ നിരൂപകന്റെ വീക്ഷണത്തിൽ വിലയിരുത്തിയാൽ ബൈബിളിൽ കവിതയും ഗാനവും നാടോടി ഗാനവും നാടൻപാട്ടും വിജ്ഞാനവും ചെറുകഥയും നോവലും ആത്മകഥയും ജീവചരിത്രവും സഞ്ചാര സാഹിത്യവും നാട്ടറിവുകളും സാരോക്തിയും മഹത്വചനങ്ങളും പ്രഭാഷണങ്ങളും തത്വശാസ്ത്രവും സയൻസും സാമൂഹിക ശാസ്ത്രവും രാഷ്ട്രമീമാംസയും എല്ലാം ഉണ്ട്. ബൈബിളിനെ ഒരു മതഗ്രന്ഥം എന്ന് പറയാനാവില്ല. ബൈബിൾ ക്രിസ്തുമതത്തിന്റെ മതഗ്രന്ഥമല്ല. യഹൂദന്മാർ ബൈബിളിനെ (പഴയ നിയമം) അംഗീകരിക്കുന്നു. മുസ്ലീം മതഗ്രന്ഥമായ ഖുർ-ആനിൽ ബൈബിളിന്റെ സ്വാധീനം കാണാം. ഇങ്ങനെ വ്യത്യസ്ത മതങ്ങൾ ആദരിക്കുന്ന ബൈബിൾ ഒരു മതാതീത ഗ്രന്ഥമാണ്. ബൈബിൾ ഏകസത്യ ദൈവത്തേയും ദൈവത്തിന്റെ ഏക രക്ഷാകര പദ്ധതി (ക്രിസ്തു)യേയും വെളിപ്പെടുത്തുന്നു. വിവിധ സാഹിത്യ ശാഖകൾ സമന്വയിപ്പിക്കപ്പെട്ട ബൈബിൾ ക്രൈസ്തവ സഭയുടെ പ്രമാണ ഗ്രന്ഥമായതിനാൽ ക്രൈസ്തവ സഭ സ്വാഭാവികമായും സാഹിത്യത്തേയും പുസ്തകങ്ങളേയും വായനയേയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ലോകത്തിൽ എവിടെയെല്ലാം മിഷനറി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ അവിടെയെല്ലാം സുവിശേഷത്തോടൊപ്പം ഭാഷയും സാഹിത്യവും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഭാഷയ്ക്ക് ലിപി, വ്യാകരണം തുടങ്ങിയവ രൂപം കൊണ്ടു. അച്ചടി, പത്രപ്രവർത്തനം, ആനുകാലികങ്ങൾ, വിവിധ സാഹിത്യ ശാഖകൾ, ഭാഷാ ശാസ്ത്രങ്ങൾ എന്നിവയ്ക്ക് തുടക്കം കുറിച്ചു. ഈ മേഖലകളിൽ ക്രൈസ്തവ മിഷണറിമാർ ചെയ്ത സേവനങ്ങൾ മഹത്തായതാണ്. അർണോസ് പാതിരി, ബെഞ്ചമിൻ ബെയ്‌ലി, ഹെർമ്മൻ ഗുണ്ടർട്ട് തുടങ്ങിയ മഹാന്മാരെ മലയാള ഭാഷയ്ക്ക് വിസ്മരിക്കാനാവില്ല.

1910-ൽ സത്യവേദപുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചത് മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും അഭിവൃദ്ധിക്ക് കാരണമായി. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഡോ. വില്യം കേറിയുടെ ഭാഷാ, സാഹിത്യ സേവനങ്ങൾ നിർണ്ണായകമാണ്. നിരവധി ഭാരതീയ ഭാഷകളിലേക്ക് മഹാമിഷനറിയായ അദ്ദേഹം ബൈബിൾ മൊഴിമാറ്റം ചെയ്ത് പ്രസിദ്ധീകരിച്ചു. ബൈബിൾ ചെന്നിടത്തെല്ലാം ഭാഷയും സാഹിത്യവും അച്ചടിയും പത്രപ്രവർത്തനവും വിദ്യാഭ്യാസവും സംസ്ക്കാരവും സമ്പന്നമായിട്ടുണ്ട്. മലയാള ഭാഷയും സാഹിത്യവും ആദരപൂർവ്വം അനുസ്മരിക്കുന്ന അനശ്വരരായ മലയാളി പ്രേഷിതരാണ് മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള, മഹാകവി കെ.വി. സൈമൺ, റവ. ജോർജ്ജ് മാത്തൻ, മഹാകവി. പി.എം. ദേവസ്യാ പ്രവിത്താനം, സിസ്റ്റർ മേരി ബെനീഞ്ഞ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ തുടങ്ങിയവർ. മഹാകവി കെ.വി സൈ മന്റെ വേദവിഹാരം മഹാകാവ്യം ഇന്ന് 80 വർഷം പിന്നിടുകയാണ്.

വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും എന്ന് കുഞ്ഞുണ്ണിമാഷ് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. കുഞ്ഞുണ്ണി മാഷെ പരിചയമില്ലാത്ത കുട്ടികൾ വളരെ കുറവായിരിക്കും. അദ്ദേഹത്തിന്റെ കുഞ്ഞു കവിതകൾ നൂറ് കണക്കിന് വിദ്യാർത്ഥികളെ സ്വാധീനിച്ചിട്ടുണ്ട്. വളയാതെ നന്നായി വിളയുവാൻ വളരുന്ന തലമുറയെ സഹായിക്കുന്നത് വായനയാണ്. വായനയിലൂടെ ഭാഷയും സാഹിത്യവും വിജ്ഞാനവും സർഗ്ഗാത്മകതയും നമ്മിൽ വിളയുകയാണ്. അറിവിന്റെ താക്കോലാണ് ഉത്തമകൃതികൾ എന്ന് പറയാം. വായിക്കുവാനുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതും വളരെ ശ്രദ്ധയോടും കരുതലോടും കൂടെ വേണം. വിവേചനാധികാരവും ഇച്ഛാശക്തിയും ഇവിടെ ഉപയോഗിക്കണം. കണ്ണിൽപ്പെടുന്നതും കൈയിൽ കിട്ടുന്നതും വായിക്കുന്ന ശീലം നല്ലതല്ല. കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതും പുസ്തകം തെരഞ്ഞെടുക്കുന്നതും വളരെ ശ്രദ്ധിച്ച് വേണം. വഴിതെറ്റിക്കുന്ന കൂട്ടുകാരുള്ളതുപോലെ വഴിതെറ്റിക്കുന്ന പുസ്തകങ്ങളും ഉണ്ട്. ഉത്തമ ഗ്രന്ഥങ്ങൾ മാത്രം തെരഞ്ഞെടുത്ത് വായിക്കണം. അനാവശ്യമായ ഗ്രന്ഥങ്ങൾ മനസ്സോടെ ഒഴിവാക്കണം. വായന ഒരു അനുഗ്രഹമാണ്. അതിന് തക്ക ഗ്രന്ഥങ്ങളെ വായിക്കാവൂ. ബി.എസ്. വാരിയർ എഴുതുന്നു: 'ഒരാൾ വായിക്കുന്ന പുസ്തകങ്ങൾ ഏതൊക്കെ എന്നറിഞ്ഞാൽ ഏത് തരക്കാരനാണെന്ന് അറിയാം. ക്ഷുദ്രകൃതികളിൽ നേരം പാഴാക്കാതെ സദ്ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിൽ ശ്രദ്ധിക്കണം'.

ഏകാഗ്രതയോടെ ശ്രദ്ധാപൂർവ്വം വായിക്കണം. പുസ്തകം തെരഞ്ഞെടുത്ത് കഴിഞ്ഞാൽ ഏകാന്തമായ ഒരു സാഹചര്യത്തിൽ മാറിയിരുന്ന് വായിക്കണം. ചിലർ മനസ്സിൽ വായിച്ചുപോകും. ചിലർക്ക് അല്പം ശബ്ദത്തിൽ വായിക്കേണ്ടിവരും. നിവർന്നിരുന്ന് വായിക്കുന്നതാണ് നല്ലത്. വെളിച്ചം പുറകിൽ നിന്നും പുസ്തകത്തിൽ വീഴണം. നിഴൽ പുസ്തകത്തിൽ വീഴരുത്. ഇടതുവശത്തുനിന്നും വെളിച്ചം കിട്ടുവാൻ സൗകര്യമുണ്ടെങ്കിൽ അതും നല്ലതാണ്. വായിക്കാനിരിക്കുമ്പോൾ ഒരു ബൈന്റ് ബുക്കും പേനയും ഒപ്പം കരുതണം. വായിക്കുന്ന പുസ്തകത്തിന്റെ പേര്, ഗ്രന്ഥകാരന്റെ പേര്, പ്രസിദ്ധീകരിച്ച തീയതി, പ്രസാധകന്റെ പേര്, ആകെ പേജ് തുടങ്ങിയ വിവരങ്ങൾ കുറിച്ചിടണം. പുതിയ വിവരങ്ങൾ, സുപ്രധാന ആശയങ്ങൾ, ദർശനങ്ങൾ, നിലപാടുകൾ, വ്യക്തികൾ, ഉദ്ധരണികൾ എന്നിവ കുറിച്ചിടാം. ഗ്രന്ഥാഭിപ്രായം എഴുതി വെക്കാം. ഈ വിവരങ്ങൾ പിന്നീട് ഉപകരിക്കും. വായിച്ചുതീർത്ത തീയതിയും പുസ്തകങ്ങളുടെ ക്രമനമ്പരും എഴുതാം. പുസ്തക നിരൂപണം നടത്തി പരിചയിക്കണം. വിവിധ സാഹിത്യ ശാഖയിൽ പെടുന്ന ഗ്രന്ഥങ്ങൾ വായിക്കണം. ജീവചരിത്രം, ആത്മകഥ, ജീവിതാനുഭവങ്ങൾ, ചെറുകഥ, നോവൽ, നർമ്മം, പഠനം, അന്വേഷണം, ബെറ്റർ ലൈഫ്, പോസിറ്റീവ് തിങ്കിംഗ്, സഞ്ചാരം, വിജ്ഞാനം, കവിത, മഹാകാവ്യം, അദ്ധ്യാത്മികം, ധ്യാനം, ചോദ്യോത്തരങ്ങൾ, ദൈവശാസ്ത്രം, ബൈബിൾ വിജ്ഞാനം, ക്രിസ്തു ശാസ്ത്രം, ക്ലാസിക്കൽ ബുക്സ്, ചരിത്രം, തത്വശാസ്ത്രം, വിമർശനം തുടങ്ങി വിവിധ മേഖലകളിൽ നിന്നും ഉള്ള പുസ്തകങ്ങൾ വായിച്ച് ശീലിക്കണം. ഏതെങ്കിലും കാരണവശാൽ വായന ഇടയ്ക്കുവച്ച് നിർത്തേണ്ടിവന്നാൽ വായിച്ചു നിർത്തിയ ഭാഗത്ത് ഒരു ബുക്ക് മാർക്ക് വച്ച് അടയാളപ്പെടുത്തുക. ഏത് പുസ്തകം വായിച്ചാലും പ്രസ്തുത പുസ്തകത്തേപ്പറ്റി ഒരു നിരൂപണം നടത്തുവാനും വ്യക്തിപരമായ അഭിപ്രായം രൂപപ്പെടുത്തുവാനും ശീലിച്ചിരിക്കണം. അവ ബുക്കിൽ രേഖപ്പെടുത്തി വയ്ക്കണം.

പുസ്തകശാല (ലൈബ്രറി)യെ മനസ്സിന്റെ ഹോസ്പിറ്റലായി വിശേഷിപ്പിക്കാം. മാനസിക പിരിമുറുക്കം വർദ്ധിക്കുമ്പോൾ, ഏതെങ്കിലും പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ, മനസ്സ് അസ്വസ്ഥമാകുമ്പോൾ അതേ അവസ്ഥയിൽത്തന്നെ തുടരാതെ വേഗത്തിൽ വായനയിലേക്ക് തിരിയുക. ഇഷ്ടമുള്ള ഒരു പുസ്തകമെടുത്ത് കുറേ സമയം വായിക്കുക. ബൈബിളോ മറ്റ് ഗ്രന്ഥങ്ങളോ വായനയ്ക്ക് തെരഞ്ഞെടുക്കാം. കുറേക്കഴിയുമ്പോൾ ഒരാശ്വാസം, ധൈര്യം, വിടുതൽ അനുഭവപ്പെടും. ചിലപ്പോ ൾ വായനക്കിടയിൽ ഒരു പരിഹാരമാർഗ്ഗം തെളിഞ്ഞു വന്നെന്നു വരാം. സ്വന്തമായി ഒരു ലൈബ്രറി വീട്ടിൽ ഉണ്ടാകുന്നത് നല്ലതാണ്. നൂറ് പുസ്തകമെങ്കിലും പലപ്പോഴായി വാങ്ങി സൂക്ഷിക്കുക. പിന്നീട് ലൈബ്രറി വിപുലമാക്കാൻ സാധിക്കും. നമ്മിലെ വായനാശീലം വളർത്തി യെടുക്കണം. ഹോം ലൈബ്രറി മാത്രമല്ല, സഭാഹോളിലും സഭയിലെ മുഴുവൻ ജനത്തിന് വേണ്ടിയും ഒരു ചർച്ച് ലൈബ്രറി രൂപപ്പെടുത്തുവാൻ സാധിക്കണം. വിശ്വാസികളിലെ വായനാശീലം വളർത്തിയെടുക്കുവാൻ ഈ സംവിധാനം സഹായകമാകും. പുസ്തക വായനപോലെ ദിനപത്രം, ക്രിസ്തീയ ആനുകാലികങ്ങൾ സ്ഥിരമായി വായിക്കണം.

ദിനപത്രം ആനുകാലികങ്ങൾ എന്നിവ സ്ഥിരമായി വായിച്ച് അവയിലെ വാർത്തകളും ആനുകാലികസംഭവങ്ങളും ആശയങ്ങളും ബൈബിൾ വീക്ഷണത്തിൽ വിലയിരുത്തുവാൻ ശീലിക്കണം. ഇവയെല്ലാം എഴുതി സൂക്ഷിക്കണം. വായനക്കിടയിൽ നമ്മിൽ ഒളിഞ്ഞ് കിടക്കുന്ന പ്രതികരണശേഷി, സർഗ്ഗാത്മകത എന്നിവയെ ശക്തിപ്പെടുത്തുവാനും സാഹിത്യവാസന, രചനാവാസന, ഭാവനാശേഷി എന്നിവ വളർത്തിയെടുക്കുവാനും സാധിക്കും. ഭാഷയിൽ പുതിയ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി കുറിച്ചിടാം. നമ്മുടെ ശബ്ദകോശം വിപുലപ്പെടുത്തുവാൻ ഇത് ഉപകരിക്കും. പുതിയ ചിന്തകളും ആശയങ്ങളും മനസ്സിൽ ഉയർന്ന് വരും. ഇതൊരു പുതിയ മേഖലയിലേക്ക് തന്നെ നമ്മെ നയിക്കും. വായന മനുഷ്യനെ പുതിയ മനുഷ്യനാക്കുന്നു. പൂർണ്ണതയിലേക്ക് മനുഷ്യനെ നയിക്കുന്നു. ഫ്രഞ്ച് സാഹിത്യകാരനായ അനറ്റോളെ ഫ്രാൻസ് പറഞ്ഞു: പുസ്തകം ഒരു കാരണവശാലും കടം കൊടുക്കരുത്. ആരും തിരിച്ച് തരില്ല. ഒരു ആത്മ പരിശോധനയ്ക്ക് തയ്യാറാവുക. മടക്കിക്കൊടുക്കേണ്ട പുസ്തകങ്ങൾ നമ്മുടെ കൈവശം ഇരിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇന്ന് തന്നെ അവയുടെ ഉടമസ്ഥന് തിരികെ കൊടുക്കുക. •

November 2013
Volume 1 • Issue 4

Soul Winner

Soul Winners India
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723



# ജയകരമായ ജീവിതം സാധ്യം

**ഷാജു സി. ജോസഫ്**

പാപം ചെയ്യാതെ ഒരു വ്യക്തിക്ക് ജീവിക്കുവാൻ സാധിക്കുമോ? സാമാന്യമായി 'പ്രയാസമാണ്', 'ഇല്ല' എന്നിങ്ങനെയുള്ള ഉത്തരങ്ങൾക്കാണ് സാധ്യത. ഉത്തരം ശരിയാണെങ്കിൽ ദൈവവചനത്തിനു തെറ്റുപറ്റിയെന്നു പറയേണ്ടി വരും. എഴുത്തുകാരൻ വ്യാജം എഴുതിയെന്നും ഖേദിക്കേണ്ടി വന്നേക്കും.

യോഹന്നാൻ എഴുതുന്നു; ദൈവത്തിൽ നിന്നു ജനിച്ചവരാരും പാപം ചെയ്യുന്നില്ല (1 യോഹ. 3:9). തികച്ചും അസാധ്യമായൊരു കാര്യം എഴുതുവാൻ യോഹന്നാൻ തുനിയുമോ? അദ്ദേഹമത് ആവർത്തിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല (1 യോഹ. 5:18). ഉറപ്പായ കാര്യം തികഞ്ഞ ബോധ്യത്തോടെ എഴുതുകയാണ്. അവ്യക്തതയോ ആശയ ഗൂഢതയോ ഒട്ടുംതന്നെ സ്പർശിക്കാത്ത വാക്യഭാഗം തന്നെ. സംശയമില്ല.

ഒന്നാമതായി, ഈ രണ്ടു വാക്യങ്ങളും പാപത്തിൽ തുടരുന്നില്ല എന്നോ പാപം ചെയ്തു കൊണ്ടിരിക്കുന്നില്ല എന്നോ വിവർത്തനം ചെയ്യേണ്ടതായിരുന്നു. അതാണ് യഥാർഥ ഭാഷയോടുള്ള നീതി (NIV English Bible). തനിക്ക് സാധ്യമല്ലാത്ത കാര്യത്തിനപ്പുറത്തേക്ക് കണ്ണുകൾ നാം അറിയാതെ പാഞ്ഞുപോകുന്നു. ഒന്നുകൂടി ശ്രദ്ധിച്ചാൽ അതിന്റെ കാരണം അവിടെത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിന്റെ വിത്ത് അവനിൽ വസിക്കുന്നു (1 യോഹ. 3:9).

അതുകൊണ്ടാണവന് പാപത്തിൽ തുടരാൻ കഴിയാത്തത്. പ്രകൃതിയിൽ ഉണ്ടായ മാറ്റം പാപത്തിന്റെ നിയമത്തിന് ആ വ്യക്തിയെ അതീതനാക്കുന്നു.

ഒരിക്കൽ ഒരു ബൈബിൾ ക്ലാസിൽ വച്ച് ഒരു വിദ്യാർഥി അഭിപ്രായപ്പെട്ടു: പാപം ചെയ്യാതെ ജീവിക്കുവാൻ സാധ്യമല്ല. തുടർന്നുള്ള ചർച്ചയിൽ ഭൂരിപക്ഷവും ആ അഭിപ്രായത്തോട് യോജിപ്പു പ്രകടിപ്പിക്കുകയും ചെയ്തു. മറ്റു ചിലർ വ്യക്തമായൊരു അഭിപ്രായവും പറഞ്ഞില്ല. നമുക്കു സാധിക്കാത്തത് യേശു പറഞ്ഞുവോ? ഇല്ല. ഒന്നും പഠിപ്പിച്ചിട്ടുമില്ല.

ശൂന്യാകാശത്തിൽ യാത്ര ചെയ്യുവാനോ ജീവിക്കുവാനോ എനിക്കു കഴിയുകയില്ല എന്നൊരാൾ പറഞ്ഞാൽ അത് ശരിയായിരിക്കാം. ആർക്കും കഴികയില്ല എന്നു പറയാൻ അയാൾക്കെങ്ങനെ ധൈര്യം വരും. ശൂന്യാകാശ യാത്രയ്ക്കുള്ള പേടകത്തിൽ പ്രത്യേക പരിശീലനം നേടി, അതിനനുയോജ്യമായ വസ്ത്രം ധരിച്ച്, സ്പേസ് സെന്ററുകൾ തയാറാക്കുന്ന ക്രമമനുസരിച്ച് ഒരാൾക്ക് സാധിക്കുന്ന കാര്യം മാത്രമാണത്.

ആദാമ്യ പ്രകൃതിയിൽ ജീവിച്ചുപോരുന്ന ഒരാൾക്ക് തികച്ചും സാധിക്കാത്തത് ക്രിസ്തുവിൽ സാധിക്കുന്നു. പൗലൊസ്, ന്യായപ്രമാണത്താൽ സാധിക്കാതെ നിലവിളിക്കുന്ന മനുഷ്യന് (റോമ. 7) ക്രിസ്തുവിൽ സാധ്യമാകുന്ന വിജയത്തെക്കുറിച്ച് എഴുതിയിട്ടുണ്ട് (റോമ. 8). ജീവന്റെ ആത്മാവിന്റെ പ്രമാണം (Law of litegiving Spirit) എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമ. 8:2).

**സ്നാനത്താൽ യേശുവിനോടൊപ്പം മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് താദാത്മ്യപ്പെടുകയും പുതിയ സൃഷ്ടിയായി മാറി എന്നത് ആത്മ മണ്ഡലത്തിൽ അംഗീകരിക്കുകയും ചെയ്യുന്നൊരു വ്യക്തിക്ക് ജയകരമായി ക്രിസ്തീയ ജീവിതം സാധ്യമാണെന്നത് തീർച്ചയാണ്.**

സാധ്യമല്ല എന്ന നിസ്സഹായ സ്വരം പഴയ സൃഷ്ടിയായ മനുഷ്യന്റേതാണ്. പുതിയ സൃഷ്ടിയായ ക്രിസ്തുവിലുള്ള മനുഷ്യന്റേതല്ല. സ്വയം ശ്രമിച്ചാൽ നടക്കാത്ത പ്രകൃത്യാതീതകാര്യങ്ങൾ ക്രിസ്തുവിൽ, ആത്മാവിൽ നടക്കും. വിശ്വസിക്കുന്നവനു സകലവും സാധ്യം (മർക്കൊ. 9:23). എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:13).

ക്രിസ്തുവും പരിശുദ്ധാത്മാവും സാധ്യമാക്കിത്തന്ന കാര്യങ്ങളെ കാണാത്ത അല്ലെങ്കിൽ അറിയാത്ത വ്യക്തിക്കു മാത്രമേ വിശുദ്ധ ജീവിതം അസാധ്യമായി അവശേഷിക്കയുള്ളൂ.

പ്രകൃതി കൈമാറ്റം ചെയ്യണം. നാമെല്ലാവരും ആദാമ്യ പ്രകൃതിയിൽ ജനിച്ചവരാണ്. ആ പ്രകൃതിയിൽ ജീവിക്കുന്ന ഒരാൾക്ക് പാപത്തെ ജയിക്കുക പ്രയാസമുള്ള കാര്യമാണ്. ആ പ്രകൃതം പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിന് അടിമയാണ് (റോമ. 7:23).

തോൽവിയുടെ വിലാപമല്ലാതെ വിജയത്തിന്റെ ആരവം അവരിൽ നിന്നുയരുന്നില്ല. അവർ, സമാനനുഭവക്കാരായ പരാജിതരിലേക്കു നോക്കി ആശ്വസിക്കുകയോ സ്വയം നീതീകരിച്ചോ തൃപ്തിയടയുവാൻ ശ്രമിക്കുകയായിരിക്കും. ഈ അവസ്ഥയ്ക്ക് സമൂലമായ മാറ്റമല്ല വേണ്ടത്. ഒരുതരം കൈമാറ്റമാണ്. എന്റെ പരാജയങ്ങൾ മറ്റൊരാളുടെ വിജയവുമായി കൈമാറണം.

സ്നാനത്താൽ യേശുവിനോടൊപ്പം മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് താദാത്മ്യപ്പെടുകയും പുതിയ സൃഷ്ടിയായി മാറി എന്നത് ആത്മ മണ്ഡലത്തിൽ അംഗീകരിക്കുകയും ചെയ്യുന്നൊരു വ്യക്തിക്ക് അത് സാധ്യമാണെന്നത് തീർച്ചയാണ്.

ജനനം, സാഹചര്യം എന്നിവ ഒരു വ്യക്തിയുടെ സ്വഭാവം, ജീവിതം എന്നിവയിൽ നിർണായക സ്വാധീനം ചെലുത്തുമെന്ന് നമുക്കറിയാം. വീണ്ടും ജനനം ഉയരത്തിൽ നിന്നുള്ളതാകുന്നതിനാൽ അതിന്റെ ജനിതക ഘടന ദൈവികമാണ്. പഴയ ആദാമ്യ പ്രകൃതിയുടെ ഇരിപ്പിടങ്ങളായ ജഡവും സ്വയവും ക്രൂശിക്കപ്പെട്ടിരിക്കുകയാണ് എന്നുള്ളതിനാൽ ദൈവിക സ്വഭാവത്തെ വെളിപ്പെടുത്തുക എളുപ്പവുമാണ്.

പക്ഷേ, മരിച്ചു എന്ന് നിമിഷം തോറും എണ്ണുന്നവനേ അതു സാധിക്കുകയുള്ളൂ. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ. 2:20). ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാ. 5:24). ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത് എന്നെഴുതുവാൻ അപ്പൊസ്തലന് കഴിയുന്നത് ക്രൂശീകരണം നടന്നിരിക്കുന്നു എന്നതിനാലാണ്.

ഞാനെന്നെ ക്രിസ്തുവുമായി കൈമാറ്റം ചെയ്തിരിക്കുന്നു. എന്നിലൂടെ നോക്കുന്നതും, കേൾക്കുന്നതും സംസാരിക്കുന്നതും ചിന്തിക്കുന്നതും ഞാനല്ല. മറ്റൊരാളാണ്. ജയാളിയായ ഒരാളുടെ എല്ലാ വിജയങ്ങളും പരാജിതനായ എന്നിലേക്ക് സന്നിവേശിപ്പിക്കുകയാണ്. ഇപ്പോൾ എനിക്ക് ചിന്തിക്കുവാൻ സാധിക്കുന്നു, ജയകരമായ ജീവിതം എല്ലാവർക്കും സാധ്യമാണ് എന്ന സത്യം.

## ലോക ജനസംഖ്യയിൽ 30 മില്യൺ അടിമകൾ

ആസ്ട്രേലിയ (മെഡിയക്കൻ ഹെൽപ്പ്): ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വോക്ക് ഫ്രീ ഫൗണ്ടേഷൻ 162 രാജ്യങ്ങളിൽ നടത്തിയ സർവ്വേ അനുസരിച്ച് ആധുനികവത്കരിക്കപ്പെട്ട അടിമത്വത്തിൽ ലോകത്താകമാനം 30 മില്യൺ ആളുകൾ ഉണ്ടെന്നും അതിൽ 14 മില്യൺ പേർ ഇന്ത്യയിലും ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ആധുനിക വത്കരിക്കപ്പെട്ട അടിമത്വം എന്ന് പറഞ്ഞാൽ, നിർബന്ധിത ജോലി, മനുഷ്യകച്ചവടം, കടബാധ്യത, നിർബന്ധിത വിവാഹം, ബാലവേല എന്നിങ്ങനെയാണ് നിർവചിക്കപ്പെട്ടിരിക്കുന്നത്. 30 ൽ 21 മില്യൺ ആളുകളും നിർബന്ധിത ജോലി ചെയ്യേണ്ടി വരുന്ന അടിമകളാണ്.

മനുഷ്യാവകാശ സംഘടനകളുടെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ (13,956,010), ചൈനയിൽ 2,9494,243, പാക്കിസ്ഥാനിൽ 2,127,132, നൈജീരിയയിൽ 701,032 ആളുകൾ അടിമകളായി കഴിയുന്നു എന്നാണ്. ആളെണ്ണത്തിൽ ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ് ഒന്നാമതെങ്കിലും മരത്താനിയയിലാണ് ജനസംഖ്യയുടെ ഏതാണ്ട് പകുതി ശതമാനം പേർ അടിമകളായ് കഴിയുന്നത് ഒന്നാം സ്ഥാനത്തും. ഹൈയ്റ്റി രണ്ടാം സ്ഥാനത്തും പാക്കിസ്ഥാൻ മൂന്നാം സ്ഥാനത്തും ഇന്ത്യ നാലാം സ്ഥാനത്തുമാണ്.

## കൊല്ലപ്പെട്ടപ്പോഴും ബൈബിൾ കൈകളിലേന്തി

കെനിയ (മൊബാസി): മോർണിംഗ് സ്റ്റാർ റിപ്പോർട്ട് അനുസരിച്ച് പ്രഭാതത്തിൽ പ്രാർത്ഥിച്ച് കൊണ്ടിരിക്കവേ പാസ്റ്റർ ആക്രമികളുടെ വെടിയേറ്റ് മരിച്ചു. സമുദ്രതീരത്ത് നടത്തിയ സുവിശേഷീകരണത്തിലൂടെ ആളുകൾ കൂട്ടമായി ക്രിസ്ത്യാനികളായി തീർന്നതിനെ തുടർന്ന് പാസ്റ്റർ: ചാർലസ് മാറ്റോക്ക് സുവിശേഷ വിരോധികളുടെ ഭീഷണി ഉണ്ടായിരുന്നു.

19-ാം തീയതി ശനിയാഴ്ച രാത്രിയിൽ വിക്കിവന്റാണി റിഡിമ്സ് ഗോസ്പൽ ചർച്ചിലെ ഒരു പ്ലാസ്റ്റിക് ചെയറിൽ കമഴ്ന്ന് തലയോട് ചിന്നിച്ചിതറിയ നിലയിൽ കിടക്കുന്നത് കണ്ടതായി സഭാവിശ്വാസിയായ ഒരാളാണ് ആദ്യം അറിയിച്ചത്. പിറ്റേദിവസം ഞായറാഴ്ച ഈസ്റ്റ് ആഫ്രിക്കൻ പെന്തെക്കോസ്തൽ ചർച്ചിന്റെ പാസ്റ്റർ ഇബ്രാഹിം റ്റിസ്യേറ്റിനെ മൊബാസയിൽ നിന്നും 30 മൈൽ അകലെ കാട്ടിനുള്ളിൽ കഴുത്ത് ഞെരിച്ച് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി.

കുറെ മാസങ്ങളായി മത തീവ്രവാദികൾ ക്രൈസ്തവർക്കെതിരെ കൊടുംഭീകരവും പൈശാചികവുമായ ആക്രമണങ്ങളാണ് കെനിയയിൽ അഴിച്ച് വിട്ടിരിക്കുന്നത്. കൊല്ലപ്പെട്ട് കിടക്കുമ്പോളും ബൈബിളിൽ പിടിവിടാതെ കിടക്കുന്നതാണ് കണ്ടത്.

## ഞായറാഴ്ചയും ജോലി! ജോലി നഷ്ടപ്പെട്ടു

ലണ്ടൻ: ഞായറാഴ്ചയും ജോലി ചെയ്യാൻ തയാറാവാത്തതിനെതുടർന്ന് ഒരു ക്രിസ്തീയ സഹോദരിക്ക് ജോലി നഷ്ടപ്പെട്ടു. ഇതേ തുടർന്ന് ഞായറാഴ്ച ജോലി ചെയ്യാതിരിക്കാനുള്ള അവകാശം തനിക്ക് ഉണ്ടെന്ന് കോടതിയിൽ തെളിയിക്കാനൊരുങ്ങുകയാണ്. ചിൽഡ്രൻസ് കെയർ വർക്കറായി ജോലി ചെയ്ത് വരവേ ഞായറാഴ്ച ജോലി ചെയ്യുവാൻ അധികൃതർ ആവശ്യപ്പെട്ടതിനെതുടർന്ന്, ജോലി രാജിവയ്ക്കുകയും തുടർന്ന് ജോലിയിൽ പ്രവേശിക്കാൻ തുടങ്ങുമ്പോഴാണ് ജോലി നഷ്ടപ്പെട്ടു എന്ന വിവരം അറിയുന്നത്. ഒരു ക്രിസ്തീയ വിശ്വാസിയായ തനിക്ക് തന്റെ വിശ്വാസ സംരക്ഷണത്തിനുള്ള അവകാശം ഉണ്ടെന്ന് കോടതി വഴി തെളിയിക്കാനൊരുങ്ങുകയാണ് ക്രെസ്റ്റീന മ്ബാ എന്ന സ്ത്രീ.